11
2021
നവംബർ
വ്യാഴം
1197
തുലാം 25


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 183 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-183 പേജ് 4. വില 2.00 രൂപ




02 32 തദ്ദേശ വാർഡുകളിൽ ഡിസംബർ 7 ന് ഉപതിരഞ്ഞെടുപ്പ്

03 പരിസ്ഥിതി സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നിലപാടുകൾ : മുഖ്യമന്ത്രി

04 സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കരിനിയമങ്ങളെ എതിർക്കും: കേരള ഫിഷറീസ് ഫെഡറേഷൻ

### ടൂറിസത്തിന് വേണ്ടി കോടികൾ മുടക്കി തീരം സംരക്ഷിക്കുമ്പോൾ

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പ് വരുത്തണം

**പി സ്റ്റെല്ലസ്**



തിരുവനന്തപുരം: ശംഖുമുഖം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനോടൊപ്പം കടൽ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതത്വീ ഉറപ്പ് വരുത്തേണ്ടതാണ്,

ട്യൂറിസത്തിന്റെ നിലനിൽപ്പിന് കോടികൾ മുടക്കുമ്പോൾ തിരുവനന്തപുരത്തെ തെക്കെ കൊല്ലംങ്കോട് മുതൽ വർക്കല വരെയുള്ള തീരത്ത് സുനാമിക്ക് ശേഷം മത്സ്യത്തൊഴിലാളികളുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്, ട്യൂറിസത്തിന് മുൻതൂക്കവും കൊടുക്കേണ്ടതാണ്, എന്നാൽ കോടികൾ മുടക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ജീവിതവും, സുരക്ഷയും ഉറപ്പ് വരുത്തേണ്ടതാണ്

ശംഖുമുഖത്തും, കോവളത്തും,സംരക്ഷണം നൽകുമ്പോൾ അതെ മാനന്ധങ്ങളും, ടെക്നോളജികളും, ( ഡയ ഫ്രം വാൾ) ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന തീരമേഖലകളിലെ ഫിഷറീസ് കോളനികളും അതെ മാതൃകയിൽ തന്നെ തീരം സംരക്ഷിക്കാൻ സർക്കാർ മുൻമ്പോട്ട് വരേണ്ടതാണ് നടപ്പിലാക്കേണ്ടതാണ്,

ട്രൂറിസത്തിന് സർക്കാരിന് നേട്ടം കിട്ടുന്നതു പോലെയാണ് ദേശീയ വരുമാനത്തിൽ വിദേശനാണ്യം മത്സ്യത്തൊഴിലാളി സമൂഹവും നേടിത്തരുന്നത്, പിന്നോക്ക ജീവിതവും നമ്മുടെ പൈതൃകമായ മത്സ്യസമ്പത്തും മത്സ്യത്തൊഴിലാളികളെ നിലനിർത്തേണ്ടതുമാണ്,

കഴിഞ്ഞ സർക്കാർ കാലത്ത് ട്രൂറിസം മന്ത്രിയായിരുന്ന മന്ത്രി കടകംപള്ളി സുരേന്ദ്രൻ ശംഖുമുഖം ട്രൂറിസ്റ്റ് വികസനത്തിന് 5,49 കോടികൾ മുടക്കിയത് എവിടെ? പരസ്യ ബോർഡുകൾക്ക് ദാരിദ്ര്യമില്ലായിരുന്നു ,എന്നാൽ പാടെ പൊളിഞ്ഞുപ്പോയി, കടലിൽ കായം കലക്കിയതുപോലെയാണ് ഉണ്ടായത് കടലമ്മ കൊണ്ടുപോയി, കഴിഞ്ഞ തവണ കോടികൾ മുടക്കിയത് എവിടെ?

വീണ്ടും ഓരോ പുതിയ ടെക്നോളജി പറഞ്ഞ് കോടികളുമായി ഇത് എന്തിന്?

കഴിഞ്ഞ മന്ത്രിസഭയുടെ മുൻ മന്ത്രി കടകംപള്ളിയുടെ കാലത്ത് 5, 49 കോടിക്ക് കരാർ കൊടുത്തത് 6 മാസത്തിന് മുൻമ്പ് നിർമ്മാണം പൂർത്തിയാക്കാമെന്ന് പറഞ്ഞാണ് കരാർ നൽകിയത എന്നാൽ സമയത്തിന് തീർതുമില്ല കടലമ്മ കൊണ്ടുപോകുകയും ചെയുതു, പദ്ധതി എവിടെ, ഫണ്ട് എവിടെ?

ഇപ്പോൾ വിമാനത്താവളത്തിൽ പോകാൻ കഴിയുന്നില്ല, തീരത്തോട് താമസിക്കുന്ന ആയിര (1000) ക്കണക്കിന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കേണ്ടതുണ്ട്, ഓഫ് ഷോർ, ടെട്രാപ്പോട്, ജിയോടൂബ്, കാലാകാലങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവന്നു അതൊന്നും പര്യാപ്തമായിട്ടില്ല എന്നതാണ് സത്യം, എന്നിട്ടാണ് ഡയ ഫ്രം വാൾ നിർമ്മിച്ച് റോഡ് പുനരുദ്ധരിക്കുന്നതിന് അനുവദിച്ച 6,39 കോടി രൂപ ഹാർബർ ഇഞ്ചിനിയറിംഗിന്റെ വൻ അഴിമതിക്ക് വഴിതെളിയിക്കാൻ സാധ്യതകൾ ഏറെയാണ്.

## കുട്ടനാട്ടിലെ നീർക്കാക്കകളെ നോക്കുന്ന ചെളിപ്പുറത്തെ കൊറ്റിയായി യു.പ്രതിഭ

**സോമവിചാരം**



**ഇ.സോമനാഥ്**

രാഷ്ട്രീയക്കാർ പക്ഷിനിരീക്ഷകരാവരുതെന്ന് ഭരണഘടനയിൽ ഒരിടത്തും എഴുതിവെച്ചിട്ടില്ല.രാഷ്ട്രീയക്കാർക്ക് കവികളാകാം,കഥാകൃത്തുക്കളാകാം,സിനിമയിലും നാടകത്തിലും അഭിനയിക്കാം.പാലോട് രവിയെപ്പോലുള്ള സാഹിത്യസവ്യസാചികൾക്കു് ഖണ്ഡകാവ്യം മുതൽ മഹാകാവ്യം വരെ എഴുതാം.ചമ്പുവിലും ബാലസാഹിത്യത്തിലും കൈവയ്ക്കാം.(വായനക്കാർ കൈവയ്ക്കുന്നതുവരെ).വെള്ളരി നാടകവും തനതുനാടകവും ആരും തെറ്റു പറയില്ല.പക്ഷേ രാഷ്ട്രീയക്കാർ പക്ഷിനിരീക്ഷകരായാൽ..? ഛരായ് ലന്ധജ്ജാവഹം ; എന്നാണു ചിലർ പറയുന്നത്.നിയമസഭയിൽ ഉൾനാടൻ മൽസ്യ മേഖലയിലെ ബിൽ ചർച്ചയിൽ യു.പ്രതിഭ തന്റെ പക്ഷിനിരീക്ഷണ പാടവം പുറത്തെടുത്തപ്പോൾ ഉണ്ടായ കോലാഹലം ചില്ലറയല്ല.അവർ ലക്ഷണമൊത്ത പക്ഷി നിരീക്ഷകയാണന്ന് നിയമസഭാപ്രസംഗം തെളിയിച്ചു.കാശിനു 16 കിട്ടുന്ന വെറും പക്ഷി നിരീക്ഷകയല്ല ഓർനിത്തോളജിസ്റ്റ് എന്ന് ഇഗ്ലീഷിൽ വിവക്ഷിക്കുന്ന പക്ഷി ശാസ്ത്രജ്ഞ.പക്ഷി ശാസ്ത്രം എന്നുപറഞ്ഞാൽ പക്ഷിയെ



ക്കൊണ്ടു ശീട്ടെടുപ്പിക്കുന്ന പണിയാണന്നു തെറ്റിദ്ധരിക്കരുത്.സാലിം അലിയെയും നീലകണ്ഠനെയുംപോലുള്ളവരെപ്പോലെ ഒർനിത്തോളജി കൈകാര്യം ചെയ്യുന്ന ശാസ്ത്രജ്ഞ.

കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രതിഭ പുറത്തുവിട്ടത് വർഷങ്ങളായി താൻ നടത്തിയ ഗവേഷണത്തിന്റെ കണ്ടെത്തലുകളാണ്.കുട്ടനാട്ടിൽ മൽസ്യസമ്പത്തിനു ശോഷണം വരുത്തുന്ന മുഖ്യപ്രതിയേയും അവർ കണ്ടെത്തിനീർക്കാക്ക.ഈ ദുഷ്ടൻ വരാലുകളെയും മുഷികളെയും നിർദാക്ഷിണ്യം പിടിച്ചു തിന്നുന്നു.കാരിയേയും,കൂരിയേയും,പരലിനെയും കണ്ണിൽച്ചോരയില്ലാതെ വെട്ടിവിഴുങ്ങുന്നു.പള്ളത്തിയും മഞ്ഞളേട്ടയും കുറുമ്പാടിനെയും കൂസലില്ലാതെ കൊത്തിപ്പറിക്കുന്നു.കുട്ടനാട്ടിലെ കുട്ടികളും കുട്ടികളല്ലാത്ത സാം കുട്ടിയും മത്തായിക്കുഞ്ഞും മുഹമ്മദ് കുട്ടിയും മാധവൻകുട്ടിയും പൊടിക്കുഞ്ഞും ആസ്വദിച്ചു കഴിക്കേണ്ട ശ്രേഷ്ഠ മൽസ്യങ്ങളെയാണ് നീർക്കാക്ക താന്തോന്നി താനാതീനയാക്കുന്നത്.വരാലിന്റെയും മുഷിയുടെയും രുചി മനസ്സിൽ തികട്ടിയപ്പോഴേക്കും ഗവേഷകപ്രതിഭയുടെ നാവിൽ കപ്പലോട്ടാൻ വെള്ളം നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഒരു ഗ്ലാസ്സ് വെള്ളം കൂടി കുടിച്ചിട്ടാണ് പ്രസംഗം തുടർന്നത്.

കുറ്റപത്രം വല്ലാതെ നീണ്ടുപോയി എന്നാൽ വിധിപ്രസ്താവം ഉടൻവന്നു.നീർക്കാക്കകളെ നിയന്ത്രിക്കണം അതു വന്ധ്യംകരണം നടത്തിയാണോ വെടിവെച്ചാണോ എന്നു ഗവേഷക വ്യക്തമാക്കിയിട്ടില്ല.ആദ്യഘട്ടത്തിൽ നീർക്കാക്കകളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നു അവശ്യപ്പെട്ടിട്ടുമില്ല.നീർക്കാക്ക ശല്യത്തിന് ലളിതമായൊരു പരിഹാരമുണ്ട് കായൽ നിലങ്ങളിൽ ' മീൻ പിടിക്കരുത് ' എന്നൊരു ബോർഡ് ഇഗ്ലീഷ്,ഹിന്ദി,മലയാളം,തമിഴ്,കന്നഡ റഷ്യൻ ഭാഷകളിൽ എഴുതിവെച്ചാൽ മതി.ദേശാടനക്കാരായ വല്ല നീർക്കാക്കകളും വന്നുപെട്ടാൽ ഭാഷ അറിയാതെ വല്ല നിയമലംഘനവും നടത്തരുതെല്ലോ.?.മണ്ണിന്റെ മക്കളായ ആലപ്പുഴകാക്കകൾക്ക് ആ പ്രശ്നം സംഭവിക്കില്ല.കാരണം പ്രതിഭച്ചേച്ചി ജില്ലാ പഞ്ചായത്തു പ്രസിഡന്റായിരിക്കെ പക്ഷി സാക്ഷരതാ യജ്ഞം നടത്തുകയും ആലപ്പുഴയെ ഇന്ത്യയിലെ ആദ്യത്തെ പക്ഷി സാക്ഷരതാ ജില്ലയായി പ്രഖ്യാപിച്ചതുമാണ്.

കാട്ടുപന്നികളെ വെടിവെച്ചാൽ ഒന്നോ രണ്ടോ തുലാം ഇറച്ചിയെങ്കിലും കിട്ടും.പാവം നീർക്കാക്കയെ വെടിവെച്ചാലോ..?അരക്കഴഞ്ച് ഇറച്ചിപോലും കിട്ടില്ല.കഴിഞ്ഞ കഥയിൽ ഒരു എംഎൽഏ കാട്ടുപന്നിയിറച്ചിയുടെ സ്വാദിനെക്കുറിച്ചു വാചാലനായിരുന്നു.എന്നാൽ പ്രതിഭ അതൊന്നും ചെയ്തില്ല അതു തന്നെ ഭാഗ്യം.രാഷ്ട്രീയക്കാരിൽ ആദ്യമായല്ല പക്ഷിനിരീക്ഷകർ ഉണ്ടാവുന്നത്.കോൺഗ്രസ്സ് സ്ഥാപകനായ അലൻ ഒക്ടോവിയൻ ഹ്യും ബ്രട്ടീഷ് ഇന്ത്യയിലെ പ്രമുഖ പക്ഷി നിരീക്ഷകൻ ആയിരുന്നു. ' സ്കാറ്റേഡ് ഫെദേഴ്സ് ' അഥവാ ചിതറിയ തൂവലുകൾ എന്ന പേരിൽ ഒരു ഗ്രന്ഥം തന്നെ എഴുതിയിരുന്നു.പ്രതിഭ ചുരുങ്ങിയത് 'നീർക്കാക്കേ, നീർക്കാക്കേ,കൂടെവിടെ ' എന്നശീലിൽ ഒരു കുട്ടിക്കവിതയെങ്കിലും എഴുതണം.ഗവേഷണശ്രീ,ഗവേഷണഭൂഷൻ,ഗവേഷണവിഭൂഷൻ,ഗവേഷണരത്ന ബഹുമതികളിൽ ഏതെങ്കിലും തടയാതിരിക്കില്ല.

## വിദ്യാകിരണം പദ്ധതിയിൽ നൽകി വരുന്നത് 45,313 ലാപ്ടോപ്

തിരുവനന്തപുരം: വിദ്യാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നുമുതൽ 12 വരെയുള്ള പട്ടികവർഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കും 45,313 ലാപ്ടോപ് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

4.7 ലക്ഷം വിദ്യാർത്ഥികൾക്കാണ് ഡിജിറ്റൽ പഠനോപകരണങ്ങളില്ലെന്ന് കണ്ടെത്തിയത്. ഇതിൽ പട്ടിക വർഗ വിഭാഗത്തിലുള്ള 36,999 കുട്ടികളാണുള്ളത്. വിദ്യാകിരണം പദ്ധതി ആരംഭിച്ചതിന് ശേഷം സെപ്റ്റംബർ 15 ഓടെ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ എണ്ണം 3.7 ലക്ഷമായും നവംബർ ആദ്യം ഇത് 3.5 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവയ്ക്ക് ബലക്ഷയം നേരിടുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. ഓരോ സ്കൂളിനും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 10,000 രൂപ മുതൽ ഒരുലക്ഷം രൂപ വരെ കഴിഞ്ഞ വർഷവും ഈ വർഷവും അനുവദിച്ചിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഡിജിറ്റൽ ക്ലാസുകളുടെ പങ്കാളിത്തത്തിലും പ്രാപ്യതയിലും കേരളം ഏറെ മുന്നിലാണെന്ന് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി. കോവിഡ് കാലത്ത് എസ്സിഇആർടി കുട്ടികളുടെ അക്കാഡമികവും സാമൂഹികവുമായ അവസ്ഥയെക്കുറിച്ച് നടത്തിയ പഠനത്തിലും ഇക്കാര്യം വ്യക്തമാണ്. യൂണിസെഫ് നടത്തിയ പഠനത്തിലും കേരളം ഏറെ മികച്ച നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മുഹമ്മദ് മുഹ്സിൻ, ഇ കെ വിജയൻ, വി ആർ സുനിൽകുമാർ, സി സി മുകുന്ദൻ എന്നിവരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി.

## ഇന്ധന വില: സൈക്കിളിൽ നിയമസഭയിലെത്തി പ്രതിപക്ഷം

തിരുവനന്തപുരം: ഇന്ധന വിലവർധനയ്ക്കെതിരെ പ്രതിപക്ഷ പ്രതിഷേധം. നിയമസഭയിലേക്ക് സൈക്കിളിലെത്തിയാണ് പ്രതിപക്ഷ എംഎൽഎമാർ പ്രതിഷേധം രേഖപ്പെടുത്തിയത്. കേന്ദ്രം ഇന്ധന നികുതി കുറച്ചതുപോലെ കേരളവും നികുതി കുറച്ച് ഇന്ധന വില കുറയ്ക്കണമെന്നാണ് പ്രതിപക്ഷം മുന്നോട്ട് വയ്ക്കുന്ന ആവശ്യം.

മുൻപും പലതവണ പ്രതിപക്ഷം ഇക്കാര്യം സഭയിൽ അവതരിപ്പിച്ചുവെങ്കിലും സംസ്ഥാന സർക്കാർ നികുതി കുറയ്ക്കില്ലെന്ന നിലപാടിലാണ്. കേന്ദ്രം നികുതി കൂട്ടിയതുകൊണ്ടാണ് കുറച്ചതെന്നും സംസ്ഥാനം നികുതി കൂട്ടിയില്ല, അതുകൊണ്ട് കുറയ്ക്കുകയുമില്ലെന്നാണ് സർക്കാർ നിലപാട്.

ഇന്ധന നികുതി വിഷയം ഉന്നയിച്ച് ഇന്ന് അടിയന്തര പ്രമേയം അവതരിപ്പിക്കാനും പ്രതിപക്ഷം തീരുമാനിച്ചിട്ടുണ്ട്. കെ. ബാബുവായിരിക്കും അടിയന്തര പ്രമേയത്തിന് നോട്ടിസ് നൽകുക.

## കാൺപൂരിൽ 16 പേർക്ക് കൂടി സിക വൈറസ്

ലഖ്നൗ: ഉത്തർപ്രദേശിലെ കാൺപൂരിൽ 16 പുതിയ സിക വൈറസ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തു. ഇതോടെ നഗരത്തിലെ രോഗികളുടെ എണ്ണം 100 കടന്നു. പുതിയ കേസുകളിൽ ഒമ്പത് പുരുഷന്മാരും ഏഴ് സ്ത്രീകളും ഉൾപ്പെടുന്നു. ചകേരി ഏരിയയിലെ ഹർജീന്ദർ നഗർ, പോഖർപൂർ, തിവാരിപൂർ ബാഗിയ, ഖാസി ഖേര എന്നീ പ്രദേശങ്ങളിലാണ് പുതിയ രോഗബാധ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് ചീഫ് മെഡിക്കൽ ഓഫീസർ (സിഎംഒ) ഡോ. നേപ്പാൾ സിങ് അറിയിച്ചു. വൈറസ് ബാധയേറ്റ ഗർഭിണികളെ അൾട്രാസൗണ്ട് പരിശോധനയ്ക്ക് വിധേയമാക്കുകയും ഗർഭസ്ഥശിശുവിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

'ചൊവ്വാഴ്ച കെജിഎംയു ലഖ്നൗവിൽ നിന്ന് ലഭിച്ച റിപ്പോർട്ടിൽ ഏഴ് സ്ത്രീകളിൽ രണ്ട് ഗർഭിണികൾക്കും ഒമ്പത് പുരുഷന്മാർക്കും സിക്ക വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. രോഗബാധിതർക്ക് ഗുരുതരമായ ലക്ഷണങ്ങളില്ല. എല്ലാവരെയും ഹോം ഐസൊലേഷനിൽ പാർപ്പിച്ചിരിക്കുകയാണ്. ഉറവിടം കുറയ്ക്കുന്നതിന് നൂറോളം ടീമുകളെയും വീടുകളിലെ സാമ്പിൾ പരിശോധനയ്ക്കും 15 ടീമുകളെയും നഗരത്തിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ, സിക വൈറസിന്റെ വ്യാപനം പരിശോധിക്കാൻ 15 റാപ്പിഡ് റെസ്പോൺസ് ടീമുകളെ (ആർആർടി) നിയോഗിച്ചിട്ടുണ്ട്,' സിഎംഒ അറിയിച്ചു.

## കനത്ത മഴയിൽ പൊതുമരാമത്ത് റോഡുകൾക്ക് 158.5 കോടി രൂപയുടെ നാശനഷ്ടം

തിരുവനന്തപുരം: ഒക്ടോബറിൽ ഉണ്ടായ കനത്ത മഴയിൽ സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾക്ക് 158.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു. ദേശീയപാത വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. ഇവ പുനരുദ്ധരിക്കുന്നതിന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തോട് ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

### പരിസ്ഥിതി ദുർബല പ്രദേശങ്ങളിലെ അനധികൃത ഖനനത്തിനെതിരെ നടപടികൾ: റവന്യുമന്ത്രി

തിരുവനന്തപുരം: പാലക്കാട്, വയനാട് ജില്ലകളിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ അനധികൃത ഖനനം നടന്നതായി റിപ്പോർട്ട് ലഭ്യമായെന്ന് റവന്യുമന്ത്രി കെ രാജൻ. അനധികൃത ഖനനം സംബന്ധിച്ച് നിയമാനുസൃത നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കുന്നുണ്ട്. നിലവിലെ ചട്ടപ്രകാരം പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഖനനത്തിന് അനുമതിയില്ല. പരിസ്ഥിതിക്ക് നാശമുണ്ടാകാതെ നിർമ്മാണ മേഖലയ്ക്ക് പാറ ലഭ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 2015 ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഖനനാനുമതി നൽകുന്നത്. സർക്കാർ ഭൂമിയിലെ ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള എതിർപ്പില്ലാ രേഖ കൂടി ലഭ്യമാക്കേണ്ടതുണ്ട്. കരിങ്കൽ ഖനനം പൊതുമേഖലയിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ലെന്നും മന്ത്രി പറഞ്ഞു.

### 2018 മുതൽ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ ഭൂരിഭാഗവും അതിതീവ്ര മഴയുടെ ഭാഗമായി

തിരുവനന്തപുരം: സംസ്ഥാനത്ത് 2018 മുതൽ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ ഭൂരിഭാഗവും അതിതീവ്ര മഴയുടെ ഭാഗമായാണെന്ന് റവന്യുമന്ത്രി കെ രാജൻ. ആവർത്തിച്ച് വരുന്ന തീവ്രമഴയുടെയും തുടർന്നുണ്ടാകുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും കാരണങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ശാസ്ത്രസാങ്കേതിക വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്ന് വാഴൂർ സോമൻ, ഇ ടി ടൈസൺ, പി എസ് സുപാൽ, ജി എസ് ജയലാൽ എന്നിവരുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നദികളിൽ അടിഞ്ഞുകൂടിയ മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

# 32 തദ്ദേശ വാർഡുകളിൽ ഡിസംബർ 7 ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ മൂന്ന് ജില്ലാ പഞ്ചായത്ത് വാർഡുകൾ ഉൾപ്പടെ 32 തദ്ദേശഭരണ വാർഡുകളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. വോട്ടെടുപ്പ് ഡിസംബർ 7 നും വോട്ടെണ്ണൽ 8 നും നടത്തും. ഉപതിരഞ്ഞെടുപ്പ് മാതൃക പെരുമാറ്റച്ചട്ടം പ്രാബല്യത്തിലായി. തിരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ 12ന് പുറപ്പെടുവിക്കും.

അന്നുമുതൽ 19 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സൂക്ഷ്മപരിശോധന 20ന് നടക്കും. 22 വരെ പത്രിക പിൻവലിക്കാം. കോവിഡ്19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും തിരഞ്ഞെടുപ്പ് നടത്തുകയെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം, വാർഡ് നമ്പർ, പേര് ക്രമത്തിൽ.

തിരുവനന്തപുരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, 90. വെട്ടുകാട്; ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, 07. ഇടയ്ക്കോട്; പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്, 07. പോത്തൻകോട്; വിതുര ഗ്രാമപഞ്ചായത്ത്, 03. പൊന്നാംചുണ്ട്

കൊല്ലം ചിതറ ഗ്രാമപഞ്ചായത്ത്, 10. സത്യമംഗലം; തേവലക്കര ഗ്രാമപഞ്ചായത്ത്, 03. നടുവിലക്കര

ആലപ്പുഴ ആലപ്പുഴ ജില്ലാ പഞ്ചായത്ത്, 01. അരൂർ

കോട്ടയം കാണക്കാരി ഗ്രാമപഞ്ചായത്ത്, 09. കളരിപ്പടി; മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, 12. മാഞ്ഞൂർ സെൻട്രൽ.

ഇടുക്കി രാജക്കാട് ഗ്രാമപഞ്ചായത്ത്, 09. കുരിശുംപടി; ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, 09. വടക്കേഇടലി പാറക്കുടി

എറണാകുളം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, 63. ഗാന്ധിനഗർ; പിറവം മുനിസിപ്പാലിറ്റി, 14. ഇടപ്പിള്ളിച്ചിറ

തൃശൂർ മതിലകം ബ്ലോക്ക് പഞ്ചായത്ത്, 10. അഴീക്കോട്; ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി, 18. ചാലാംപാടം; കടപ്പുറം ഗ്രാമപഞ്ചായത്ത്, 16. ലൈറ്റ് ഹൗസ്

പാലക്കാട് പാലക്കാട് ജില്ലാ പഞ്ചായത്ത്, 01. ശ്രീകൃഷ്ണപുരം; കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്, 04. ചുങ്കമന്ദം; തരൂർ ഗ്രാമപഞ്ചായത്ത്, 01. തോട്ടുവിള; എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്, 07. മൂങ്കിൽമട; എരുമയൂർ ഗ്രാമപഞ്ചായത്ത്, 01. അരിയക്കോട്; ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, 08. കർക്കിടകച്ചാൽ. മലപ്പുറം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്, 14. ചീനിക്കൽ; കാലടി ഗ്രാമപഞ്ചായത്ത്, 06. ചാലപ്പുറം; തിരുവാലി ഗ്രാമപഞ്ചായത്ത്, 07. കണ്ടമംഗലം; ഊരങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, 05. വേഴക്കോട്; മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്, 01. കാച്ചിനിക്കാട് പടിഞ്ഞാറ്

കോഴിക്കോട് കോഴിക്കോട് ജില്ലാ പഞ്ചായത്ത്, 20. നൻമണ്ട; കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, 07. കുമ്പാറ; ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്, 15. വള്ളിയോത്ത്

കണ്ണൂർ എരുവേശി ഗ്രാമപഞ്ചായത്ത്, 14. കൊക്കമുള്ള്

കാസർഗോഡ് കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, 30. ഒഴിഞ്ഞവളപ്പ്.

# ആവിഷ്കാര സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റത്തെ ശക്തമായി നേരിടും മുഖ്യമന്ത്രി

ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നു കയറ്റത്തെ ശക്തമായി നേരിടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. എം. മുകേഷിന്റെ സബ്മിഷന് മറുപടിയായാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

പൗരൻമാർക്ക് മൗലികമായ സ്വാതന്ത്ര്യങ്ങൾ ഭരണഘടനാദത്തമായി അനുവദിക്കപ്പെട്ട നാടാണ് നമ്മുടേത്. സംസാരിക്കാനും ആശയപ്രകടനത്തിനും സമാധാനപരമായി കൂട്ടം കൂടുവാനും ഇഷ്ടമുള്ള തൊഴിൽ ചെയ്യാനും സ്വാതന്ത്ര്യമുള്ള നാടാണിത്. ആ അവകാശത്തിൻമേൽ കടന്നുകയറ്റം ഉണ്ടാകുന്നത് രാജ്യത്തിന്റെ ഭരണഘടനയ്ക്ക് നേരെയുള്ള ആക്രമണമാണ്. ഭരണഘടനാപരമായ ഇത്തരം കാര്യങ്ങൾ പോലും തങ്ങൾക്കു ബാധകമല്ല എന്ന പ്രഖ്യാപനമാണ് ചലച്ചിത്ര പ്രവർത്തകരെ അവരുടെ തൊഴിൽ സ്ഥലത്തു ചെന്ന് ആക്രമിക്കുന്നതിലൂടെ ഉണ്ടായിട്ടുള്ളത്.

ഇക്കാര്യത്തിൽ സർക്കാർ നിലപാട് വളരെ വ്യക്തമാണ്. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല. കലാരംഗത്തുള്ളവരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനു മേലുള്ള ഏതു വിധത്തിലുള്ള കടന്നുകയറ്റത്തെയും ശക്തമായി നേരിടുക തന്നെ ചെയ്യും. എന്ത് കഴിക്കണം എന്ന് ആജ്ഞാപിക്കുന്നതും ഏതു വസ്ത്രം ധരിക്കണം എന്ന് തിട്ടൂരമിറക്കുന്നതും ഫാസിസ്റ്റു മുറയാണ്. അങ്ങനെ ചെയ്യുന്ന സംഘങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. അവരെ നാം അപരിഷ്കൃതരായ സമൂഹദ്രോഹികൾ എന്നാണ് വിളിക്കുന്നത്. ചലച്ചിത്രങ്ങളുടെ ചിത്രീകരണം നടക്കുന്നിടത്തേക്ക് കടന്നുചെന്ന് അക്രമം കാണിക്കുകയും നിരോധനം കൽപ്പിച്ചു ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നത് അത്തരം ഫാസിസ്റ്റു മനോഭാവത്തിന്റെ ഭാഗമായാണ്. ഇത്തരത്തിൽ ക്രിമിനൽ സ്വഭാവമുള്ളവരുടെ നടപടി യാതൊരു കാരണവശാലും വെച്ചുപൊറുപ്പിക്കാൻ പറ്റില്ല. ആവിഷ്കാര സ്വാതന്ത്ര്യത്തിനു നേർക്കുള്ള കടന്നാക്രമണം നമ്മുടെ നാട്ടിലും ഉണ്ടായിട്ടുണ്ട്. എന്നാൽ കുറേക്കാലമായി അത്തരം സംഭവങ്ങൾ നമുക്ക് അന്യമാണ്. മനുഷ്യനെ ഭയപ്പാടില്ലാതെയും സ്വതന്ത്രമായും തൊഴിലെടുത്ത് ജീവിക്കാൻ സമ്മതിക്കില്ല എന്ന് തീരുമാനിക്കാൻ ഒരു ശക്തിക്കും അവകാശമില്ല. അത്തരം ശ്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവും.

ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രശ്നം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടെ പേരിലുള്ളതാണെന്നു മാത്രം കരുതാനാവില്ല. വ്യക്തിയോടുള്ള വിദ്വേഷം മുൻനിർത്തിയുള്ള സംഘടിത നീക്കമായി അതിനെ ചുരുക്കി കാണുന്നില്ല. ഉള്ളിലുള്ള ഫാസിസ്റ്റു പ്രവണതയും അസഹിഷ്ണുതയുമാണ് പുറത്തേക്ക് വരുന്നത്. തങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചാൽ ആരെയും ജീവിക്കാനനുവദിക്കില്ല, തൊഴിൽ ചെയ്യാൻ സമ്മതിക്കില്ല എന്ന് തീരുമാനിച്ചു അക്രമം സംഘടിപ്പിക്കുന്നത് ജനാധിപത്യ സമൂഹത്തിൽ വിലപ്പോകുന്ന രീതിയല്ല.

സംഘടിതമായ ആൾക്കൂട്ടങ്ങൾ കലയുടെ അവതരണത്തെയും നിർഭയമായി തൊഴിൽ ചെയ്തു ജീവിക്കുന്നതിനെയും തടയുന്നതിലേക്ക് തിരിയുമ്പോൾ കയ്യും കെട്ടി നോക്കിയിരിക്കാൻ സർക്കാരിന് കഴിയില്ല. ഇവിടെ ബഹു. അംഗം ഉന്നയിച്ചിട്ടുള്ളത് ഒരു സിനിമയുടെ ചിത്രീകരണത്തെ തടസ്സപ്പെടുത്തിയ പ്രശ്നമാണ്. ഒരു പ്രത്യേക നടന്റെ പേരു പറഞ്ഞ്, അദ്ദേഹത്തിന്റെ അഭിനയ ചിത്രീകരണം അനുവദിക്കില്ല എന്ന ആക്രോശം പോലും ചിലകേന്ദ്രങ്ങളിൽ നിന്ന് അടുത്തിടെ ഉണ്ടായിക്കാണുന്നു. ഇത് ഒറ്റപ്പെട്ട സംഭവമായി കാണുന്നില്ല. ആസൂത്രിതമായ തീരുമാനം ഇതിനു പിന്നിലുണ്ടെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്.

ജനാധിപത്യത്തിന്റെ കുപ്പായമണിഞ്ഞാണ് ചിലർ ഈ ആക്രമണങ്ങൾക്ക് തുനിഞ്ഞിറങ്ങിയിരിക്കുന്നത് എന്നത് ആശ്ചര്യകരമാണ്. പൗരന്റെ മൗലികാവകാശം ഇല്ലാതാക്കാൻ കരിനിയമ വാഴ്ച അടിച്ചേൽപ്പിച്ചു നാടിനെ ഇരുട്ടിലേക്ക് തള്ളിയതിന്റെ ഹാങ് ഓവറിൽ നിന്ന് ഒരു കൂട്ടർ ഇപ്പോഴും മോചനം നേടിയിട്ടില്ല എന്നാണിത് കാണിക്കുന്നത്.

ഇത് ഒരു പരിഷ്കൃത സമൂഹത്തിൽ, സംസ്കാരസമ്പന്നമായ സമൂഹത്തിൽ ഉണ്ടായിക്കൂടാത്തതാണ്. കലാകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യം ഏതെങ്കിലും വ്യക്തിയുടെയോ സംഘത്തിന്റെയോ ദയാദാക്ഷിണ്യത്തിനു കീഴിലല്ല. ഇത്തരം സന്ദർഭങ്ങളിൽ നിയമപ്രകാരമുള്ള എല്ലാ നടപടികളും ഉണ്ടാവും.സിനിമാ ചിത്രീകരണം തടയുക എന്നത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ തടയൽ മാത്രമല്ല, പൗരസ്വാതന്ത്ര്യത്തിന്റെ പ്രശ്നം കൂടിയാണ്. ഇത്തരം ശ്രമങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനു നേരെ ദയാദാക്ഷിണ്യമുണ്ടാകില്ല. അത്തരക്കാരെ കർക്കശമായി നേരിടുക തന്നെ ചെയ്യും. അങ്ങനെ നേരിടുന്നതിന് നാടൊന്നാകെ പിന്തുണയ്ക്കുന്ന അവസ്ഥയാണുണ്ടാവുക. അതാണ് ഈ നാടിന്റെ പാരമ്പര്യം. കൈയൂക്കു കൊണ്ട് കാര്യം നടത്താം എന്ന സ്ഥിതി ഉണ്ടാവേണ്ടതില്ല. ഫാസിസ്റ്റു രീതികൾക്ക് വളക്കൂറുള്ള മണ്ണല്ല ഇതെന്ന് മനസ്സിലാക്കി ഇനിയെങ്കിലും അത്തരക്കാർ സ്വയം പിൻമാറണം. നാട്ടിലെ പൗരസ്വാതന്ത്ര്യവും ജനാധിപത്യവും നിയമപാലനവും സർക്കാർ ഉറപ്പാക്കുക തന്നെ ചെയ്യും.

# താങ്ങുവില പ്രവർത്തനങ്ങളിലുണ്ടായ നഷ്ടത്തിന്റെ ബാദ്ധ്യതാചെലവുകൾ മടക്കി നൽകുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

പരുത്തി സീസൺ 2014 15 മുതൽ 202021 വരെ (2021 സെപ്റ്റംബർ 30 വരെ) കോട്ടൺ കമ്മിഷൻ ഓഫ് ഇന്ത്യ (സി.സി.ഐ)ക്കുള്ള പ്രതിബദ്ധതാ താങ്ങുവിലയ്ക്കുള്ള 17,408.85 കോടി രൂപയ്ക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാമ്പത്തികകാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി അംഗീകാരം നൽകി. പരുത്തി കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, 201415 മുതൽ 202021 വരെയുള്ള പരുത്തി വർഷങ്ങളിൽ പരുത്തിയുടെ വില എം.എസ്.പി വിലയ്ക്കൊപ്പം എത്തിയതിനാൽ താങ്ങുവില നടപടികൾ ഉചിതമാണ്.

ഇതിന്റെ നടത്തിപ്പ് രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പരുത്തി കർഷകരെ ഉൾച്ചേർക്കുന്നത് വർദ്ധിപ്പിക്കും. താങ്ങുവില പ്രവർത്തനങ്ങൾ പരുത്തിയുടെ വില സ്ഥിരപ്പെടുത്തുന്നതിനും കർഷകരുടെ ദുരിതം ലഘൂകരിക്കുന്നതിനും സഹായിച്ചു. ഏകദേശം 58 ലക്ഷം പരുത്തികർഷകരുടെയും പരുത്തി സംസ്ക്കരണം വിൽപ്പനപോലെയുള്ള അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ള 400 മുതൽ 500 ലക്ഷം കർഷകരുടെയും ഉപജീവനം സുസ്ഥിരമാക്കുന്നതിന് സുപ്രധാനമായ പങ്കുവഹിക്കുന്ന പ്രധാനപ്പെട്ട നാണ്യവിളകളിലൊന്നാണ് പരുത്തി. 20221 പരുത്തി സീസണിൽ 133 ലക്ഷം ഹെക്ടർ വിസ്തൃതിയിലെ പരുത്തിക്കൃഷിയിൽ നിന്ന് കണക്കാക്കുന്ന 360 ലക്ഷം കെട്ടുകളുടെ ഉൽപ്പാദനം മൊത്തം ആഗോള പരുത്തി ഉൽപ്പാദനത്തിന്റെ 25% ത്തോളം വരും. കമ്മിഷൻ ഫോർ അഗ്രികൾച്ചർ കോസ്റ്റ്സ് ആന്റ് പ്രൈസസി(സി.എ.സി.പി)ന്റെ ശിപാർശകൾ അടിസ്ഥാനമാക്കി കേന്ദ്ര ഗവണ്മെന്റ് പരുത്തി വിത്തിന് (കപാസ്) എം.എസ്.പി നിശ്ചയിച്ചിരുന്നു. പരുത്തിയുടെ വില എം.എസ്.പി നിലവാരത്തിന് താഴെ താഴുമ്പോൾ, കർഷകരിൽ നിന്ന് എഫ്.എ.ക്യു ഗ്രേഡ് പരുത്തി ഒരു ഗുണനിലവാരപരിധിയും നിശ്ചയിക്കാതെ കർഷകരിൽ നിന്നും ഏറ്റെടുക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് സി.സി.ഐയെ സെൻട്രൽ നോഡൽ ഏജൻസിയായി നിയമിച്ചിരുന്നു. പ്രതികൂല വില സാഹചര്യത്തിലും കർഷർ ദുരിത വിൽപ്പനയിൽ നിന്നും എം.എസ്.പി പ്രവർത്തനങ്ങൾ പരുത്തികർഷകരെ സംരക്ഷിക്കുന്നു. ഇന്ത്യയെ സ്വാശ്രയമാക്കുന്നതിന് സ്പിന്നിംഗ് വ്യവസായത്തിലെ അസംസ്കൃത വസ്തുവായ ഗുണനിലവാരമുള്ള പരുത്തിക്കായി പരുത്തി കൃഷിയിൽ സ്ഥായിയായ താൽപര്യം നിലനിർത്തുന്നതിന് രാജ്യത്തെ പരുത്തികർഷകരെ പ്രചോദിപ്പിക്കുന്നതിനുള്ള ഉൽകൃഷ്ടമായ പ്രവർത്തനമാണ് എം.എസ്.പി പ്രവർത്തനങ്ങൾ. 143 ജില്ലകളിലായി 474 സംഭരണ കേന്ദ്രങ്ങൾ തുറന്ന് 11 പ്രധാന പരുത്തി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിലും സി.സി.ഐ അതിന്റെ പശ്ചാത്തലസൗകര്യങ്ങൾ തയാറാക്കിയിട്ടുണ്ട്. ആഗോള മഹാമാരി സമയത്തെ കഴിഞ്ഞ രണ്ട് പരുത്തി സീസണുകളിലായി (201920, 202021) സി.സി.ഐ രാജ്യത്തെ പരുത്തി ഉൽപ്പാദനത്തിന്റെ മൂന്നിലൊന്നു ഭാഗവും അതായത് ഏകദേശം 200 ലക്ഷം കെട്ടുകൾ സംഭരിക്കുകയും 40 ലക്ഷം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ 55,000/ കോടിയിലധികം രൂപ നേരിട്ട് വിതരണം ചെയ്യുകയും ചെയ്തു. നിലവിലെ പരുത്തി സീസണിൽ, അതായത് 2021022ലേതിൽ, എം.എസ്.പി പ്രവർത്തനങ്ങളുടെ ഏത് സംഭാവവ്യസ്ഥയും നേരിടുന്നതിനായി പരുത്തി കൃഷി ചെയ്യുന്ന 11 പ്രധാന സംസ്ഥാനങ്ങളിലും 450ലധികം സംഭരണ കേന്ദ്രങ്ങളിൽ മനുഷ്യശക്തിയെ വിന്യസിക്കുന്നത് ഉൾപ്പെടെ മതിയായ എല്ലാ ക്രമീകരണങ്ങളും സി.സി.ഐ ഇതിനകം തന്നെ ചെയ്തിട്ടുണ്ട്.

# ജി എസ് ടി, ഇന്ത്യൻ അനുഭവ പാഠങ്ങൾ: അന്താരാഷ്ട്ര സെമിനാർ നവംബർ 12, 13 തീയതികളിൽ

'ഒരു രാജ്യം, ഒറ്റ നികുതി' എന്ന ലക്ഷ്യത്തിലൂന്നി ചരക്ക് സേവന നികുതി നടപ്പാക്കി നാലു വർഷം പിന്നിട്ട അവസരത്തിൽ ഇന്ത്യയിൽ ജി.എസ്.ടി നടപ്പാക്കിയ ശേഷമുള്ള അനുഭവങ്ങളെ കുറിച്ച് ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുന്നു. നവംബർ 12, 13 തീയതികളിൽ നികുതി, പൊതുധനകാര്യ മേഖലയിലെ പഠനങ്ങൾക്കായുള്ള ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) ആണ് സെമിനാർ സംഘടിപ്പിക്കുന്നത്.

ഇന്ത്യയ്ക്ക് പുറമെ, ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള വിവിധ വിദേശ രാജ്യങ്ങളിലെ വിദഗ്ധരും സെമിനാറിൽ പങ്കെടുക്കുമെന്ന് ഗിഫ്റ്റ് ഡയറക്ടർ പ്രൊഫസർ ഡോ.കെ.ജെ. ജോസഫ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സാമ്പത്തിക, നികുതി വിദഗ്ദ്ധർ, ഉന്നത സർക്കാർ ഉദ്യോഗസ്ഥർ, ബിസിനസ് രംഗത്തെ പ്രമുഖർ തുടങ്ങി ജി.എസ്.ടിയുമായി വിവിധ തലങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നവരുടെ വിദഗ്ധാഭിപ്രായങ്ങളും ആശയങ്ങളും പങ്ക് വയ്ക്കുകയാണ് രാജ്യാന്തര സെമിനാറിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

നവംബർ 12ന് രാവിലെ 9.30ന് നടക്കുന്ന ഉദ്ഘാടന സെഷനിൽ മുൻ ധനമന്ത്രി ഡോ.തോമസ് ഐസക്ക് അധ്യക്ഷത വഹിക്കും. ധനമന്ത്രി കെ.എൻ. ബാലഗോപാൽ സെമിനാർ ഉദ്ഘാടനം ചെയ്യും. നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയുടെ മുൻ ഡയറക്ടറും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫസർ എം.ഗോവിന്ദറാവു മുഖ്യപ്രഭാഷണം നടത്തും. ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ.ജെ. ജോസഫ് സ്വാഗതവും അസോസിയേറ്റ് പ്രൊഫസർ എൽ. അനിതകുമാരി നന്ദിയും പറയും. പതിനൊന്ന് സെഷനുകളിലായി ജി.എസ്.ടി നടപ്പാക്കിയതിന്റെ വിവിധ വശങ്ങൾ സെമിനാർ ചർച്ച ചെയ്യും.

ഇന്ത്യയിൽ ജി.എസ്.ടി നടപ്പാക്കിയതിന്റെ അനുഭവങ്ങൾ പങ്ക് വയ്ക്കുന്ന ആദ്യ സെഷനിൽ സംസ്ഥാന അഡിഷണൽ ചീഫ് സെക്രട്ടറി ആർ.കെ. സിംഗ് അധ്യക്ഷത വഹിക്കും. തമിഴ്നാട് അഡിഷണൽ ചീഫ് സെക്രട്ടറി എസ്. കൃഷ്ണൻ, മുൻ ഫിനാൻസ് സെക്രട്ടറിയും ഇപ്പോൾ ഒഡിഷ സർക്കാരിൽ പ്രിൻസിപ്പൽ സെക്രട്ടറിയുമായ അശോക് കുമാർ മീണ, തമിഴ്നാട് പ്രിൻസിപ്പൽ സെക്രട്ടറി എം.എ. സിദ്ദിഖ്, പുതുച്ചേരി ഭവന നിർമ്മാണ, നഗരാസൂത്രണ വകുപ്പ് സെക്രട്ടറി കെ. മഹേഷ്, സി.ജി.എസ്.ടി കമ്മീഷണർ ഗിരിധർ ജി. പൈ, സംസ്ഥാന എസ്.ജി.എസ്.ടി കമ്മീഷണർ ഡോ. രത്തൻ യു. വേൽക്കർ എന്നിവർ സംസാരിക്കും. 'ജി.എസ്.ടി ഇനിയങ്ങോട്ട്' എന്ന വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ മദ്രാസ് സ്കൂൾ ഓഫ് ഇക്കണോമിക്സ് ഓണററി പ്രൊഫസർ ഡി.കെ. ശ്രീവാസ്തവ അധ്യക്ഷനാകും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി ഡയറക്ടർ (എൻ.ഐ.പി.എഫ്.പി) പ്രൊഫസർ പിനാക്കി ചക്രവർത്തി, എൻ.ഐ.പി.എഫ്.പി പ്രൊഫസർ ആർ. കവിത റാവു, ഗോവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സീനിയർ പ്രൊഫസർ സെബാസ്റ്റ്യൻ മോറിസ്, ചാർട്ടേഡ് അക്കൗണ്ടന്റുമാരായ വി.എസ്. ദത്തി, എം. ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിക്കും.

'ജി.എസ്.ടിയും സംസ്ഥാനങ്ങളുടെ ധനകാര്യവും' എന്ന വിഷയത്തിലെ ചർച്ചയിൽ എൻ.ഐ.പി.എഫ്.പി. പ്രൊഫസർ ആർ. കവിത റാവു അധ്യക്ഷത വഹിക്കും. പ്രൊഫസർ അചിൻ ചക്രവർത്തി, ഡോ. ഹരികൃഷ്ണ ദ്വിവേദി, ഡോ. സുദീപ് കുമാർ സിൻഹ, പ്രൊഫസർ കെ.ജെ. ജോസഫ്, എൽ. അനിതകുമാരി, ഡോ. എസ്. കെ ഡാഷ്, ഡോ. കിരൺകുമാർ കക്കർലപുടി, ഡോ. എൻ. രാമലിംഗം എന്നിവർ സംസാരിക്കും.

രാജ്യാന്തര അനുഭവങ്ങൾ പങ്ക് വയ്ക്കുന്ന അഞ്ചാം സെഷനിൽ ഡോ. തോമസ് ഐസക് അധ്യക്ഷത വഹിക്കും. പ്രൊഫസർ അനീസ ബെയ്ഗ്, പ്രൊഫസർ എംഫോ ലെഗോട്ട് (സൗത്ത് ആഫ്രിക്ക), പ്രോഫസർ സോഫിയ മേയർ (യൂറോപ്യൻ കമ്മീഷൻ), പ്രൊഫസർ ജുവാൻ കാർലോസ് മൊറിനോ ബ്രിഡ് (മെക്സിക്കോ), പ്രൊഫസർ ഡിബോറ ഫ്രയർ (ബ്രസീൽ) എന്നിവർക്ക് പുറമെ കാനഡയിൽ നിന്നുള്ള പ്രൊഫസർ പിയറി പാസ്കൽ ജെൻഡ്രോൺ പ്രത്യേക പ്രഭാഷണവും നിർവഹിക്കും.

ജി.എസ്.ടിയും സാമ്പത്തിക രംഗവും എന്ന വിഷയത്തിലുള്ള സെഷനിൽ കൊൽക്കത്തയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫസർ അചിൻ ചക്രവർത്തി അധ്യക്ഷത വഹിക്കും. ഡോ. സെബാസ്റ്റ്യൻ മോറിസ്, ഡോ. അജയ് പാണ്ഡെ, ഡോ. ശോഭേഷ് അഗർവാല, ഡോ. ആസ്ത അഗർവാല, ഡോ. പാർമ ചക്രവർത്തി, ഡോ. സക്കറിയ സിദിഖി, ഡോ. അനുപ് എസ്. കുമാർ, ഡോ. എസ്. കെ ഡാഷ്, ഡോ. ഷൈജൻ ഡേവിസ് എന്നിവർ സംസാരിക്കും. എട്ടാം സെഷനിൽ ഗിഫ്റ്റ് ഓസ്ട്രേലിയ ഫെലോ പ്രൊഫസർ നാനാക്ക് കക്കവാനി അധ്യക്ഷനാകും. ദവെ ആനന്ദ്, പാട്രിക് വിൽസൺ (ന്യൂസിലാൻഡ്), പ്രൊഫസർ മതിയാസ് സിന്നിങ് (ആസ്ട്രേലിയ), പ്രൊഫസർ ബിൻ ട്രാൻ നാം, പ്രൊഫസർ യാൻ ഷു (ആസ്ട്രേലിയ), ഡോ. ജൽവീർസിംഗ് റിയർ (മലേഷ്യ) എന്നിവർ പങ്കെടുക്കും. സംസ്ഥാനതല അനുഭവങ്ങളെകുറിച്ചുള്ള ചർച്ചയിൽ ഗിഫ്റ്റ് ഓണററി ഫെലോ ആർ. മോഹൻ അധ്യക്ഷത വഹിക്കും. ഡോ. അമരേന്ദ്ര ദാസ്, ഡോ. സുഖ്വിന്ദർ സിംഗ്, ജതിന്ദർ സിംഗ്, ഡോ. യാദവേന്ദ്ര സിംഗ്, ഡോ. സഖറിയ സിദ്ദിഖി എന്നിവർ സംസാരിക്കും.

'ജി.എസ്.ടിയും നഷ്ടപരിഹാരവും' എന്ന വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ പ്രൊഫസർ പിനാക്കി ഭട്ടാചാര്യ അധ്യക്ഷത വഹിക്കും. ഡോ. സച്ചിദാനന്ദ മുഖർജി, പ്രൊഫസർ അസിത് ആർ. മൊഹന്തി, ഡോ. എൻ. രാമലിംഗം, ഡോ. പാർമ ചക്രവർത്തി എന്നിവർ സംസാരിക്കും. തുടർന്നുള്ള സെഷനിൽ എൻ.ഐ.പി.എഫ്.പി പ്രൊഫസർ ലേഖ ചക്രവർത്തി അധ്യക്ഷത വഹിക്കും. ഡോ. ദിലീപ്കുമാർ ചാറ്റർജി, ഡോ. രോഹിത് ഖണ്ഡ, ഡോ. ഹരീഷ് ഹാൻഡ, ഡോ. ജി.എസ്. ഭല്ല, ഡോ. പി.എസ്. രഞ്ജിത്ത്, ഡോ. സഖറിയ സിദ്ദിഖി, ഡോ. സന്തോഷ്കുമാർ ഡാഷ് എന്നിവർ പങ്കെടുക്കും.

സമാപന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ഡോ. വി.പി. ജോയ് അധ്യക്ഷത വഹിക്കും. ഗിഫ്റ്റ് വിശിഷ്ട ഫെലോ, പ്രൊഫസർ എം.എ. ഉമ്മൻ, നികുതി വകുപ്പ് സെക്രട്ടറി ഡോ. ശർമിള മേരി ജോസഫ്, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് പ്രൊഫസർ കെ.എൻ. ഹരിലാൽ, ആസൂത്രണ ബോർഡ് അംഗം ഡോ. കെ. രവിരാമൻ, ഗിഫ്റ്റ് മുൻ ഡയറക്ടർമാരായ ഡോ. എ.വി. ജോസ്, ഡോ. ഡി. നാരായണ, ഡയറക്ടർ പ്രൊഫസർ കെ.ജെ. ജോസഫ് എന്നിവർ സംസാരിക്കും.

# പട്ടികജാതിക്കാരെ വീട് വെയ്ക്കാൻ അനുവദിക്കാത്ത സംഭവം: കമ്മീഷൻ സ്വമേധയാ കേസെടുത്തു

ആലപ്പുഴ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട ചിത്രയെയും കുടുംബത്തെയും സമീപവാസികളായ ചിലർ വീട് വെയ്ക്കാൻ അനുവദിക്കുന്നില്ലെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി രണ്ട് ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർക്കും, പട്ടികജാതി പീഡന നിരോധന നിയമപ്രകാരം നടപടികൾ സ്വീകരിച്ച് രണ്ട് ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്കും കമ്മീഷൻ നിർദ്ദേശം നൽകി.

# വിസ തട്ടിപ്പു കേസ്: ചേർത്തല സ്വദേശി അറസ്റ്റിൽ

നെയ്യാറ്റിൻകര: വിസ തട്ടിപ്പു കേസിൽ ആലപ്പുഴ സ്വദേശിയെ നെയ്യാറ്റിൻകര പൊലീസ് അറസ്റ്റ് ചെയ്തു. വിസ നൽകാമെന്ന് പറഞ്ഞ് ഓൺലൈനായി 3,84,000 രൂപ കവർന്ന കേസിലെ പ്രതി ആലപ്പുഴ, ചേർത്തല, കോഴിതുരുത്തിൽ വീട്ടിൽ ശ്യാമിനെ(34)യാണ് പൊലീസ് അറസ്റ്റ് ചെയ്തത്. നെയ്യാറ്റിൻകര സ്വദേശിയായ യുവാവുമായി ഓൺലൈനിൽ ചങ്ങാത്തം ഉണ്ടാക്കിയാണ് തട്ടിപ്പു നടത്തിയത്. ചേർത്തല സ്വദേശിയായ ശ്യാമിന് മറ്റു തട്ടിപ്പുകളുമായി ബന്ധമുണ്ടോയെന്ന് നെയ്യാറ്റിൻകര പൊലീസ് അന്വേഷിച്ചു വരുന്നുണ്ട്.

മലേഷ്യയിൽ സെക്യൂരിറ്റി സ്റ്റാഫ് ആയി നിയമിക്കാം എന്നു പറഞ്ഞ് നെയ്യാറ്റിൻകര ഓലത്താന്നി സ്വദേശി ബിച്ചുവിൽ നിന്ന് 3,84,000 രൂപ പലതവണയായി വാങ്ങി. ജോലി ലഭിക്കാതായപ്പോൾ പണം തിരികെ തരാൻ ബിച്ചു ആവശ്യപ്പെട്ടെങ്കിലും ശ്യാം ഒഴിഞ്ഞു മാറുകയായിരുന്നു.

# തൊഴിൽ അധിഷ്ഠിത മീഡിയ കോഴ്സുകൾക്ക് അപേക്ഷിക്കാം

തിരുവനന്തപുരം ശാസ്തമംഗലത്തുള്ള കെൽട്രോൺ അഡ്വാൻസ്ഡ് ട്രെയിനിങ് സെന്ററിൽ മീഡിയ ഡിപ്ലോമ കോഴ്സുകളിൽ പ്രവേശനം ആരംഭിച്ചു. പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം.

വീഡിയോ എഡിറ്റിങ്, വിഷ്വൽ എഫക്ട്സ്, ഫോട്ടോഗ്രഫി, സൗണ്ട് എൻജിനിയറിങ്, ഓഡിയോ വിഷ്വൽ എൻജിനിയറിങ്, മീഡിയ എൻജിനിയറിങ് എന്നീ കോഴ്സുകൾക്ക് 25ന് മുമ്പ് അപേക്ഷിക്കണം.

വിശദവിവരങ്ങൾക്ക്: റ്റി.സി 9/11935, ശ്രീപൂയം, മംഗലം ലെയിൻ, ശാസ്തമംഗലം, തിരുവനന്തപുരം10 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 04714011477, 8078939333, 9496939333.

# എസ് എം വി ഹൈ സ്കൂളിന്റെ 93മത്തെ ബാച്ചിന്റെ പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു

തിരുവനന്തപുരം: എസ് എം വി ഹൈ സ്കൂളിന്റെ 93മത്തെ ബാച്ചിന്റെ (10B) പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി. ചടങ്ങിൽ പൂർവ്വ അധ്യാപകൻ താങ്കസ്വാമിയെ ആദരിക്കുകയും ചെയ്തു. കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് ചടങ്ങ് നടത്തിയത്.

# പത്താംതരം തുല്യതാ സേ പരീക്ഷ

പരീക്ഷാഭവൻ നടത്തുന്ന പത്താംതരം തുല്യതാ സേ (സേവ് എ ഇയർ) പരീക്ഷ ഡിസംബർ ആറു മുതൽ 10 വരെ നടക്കും. അതത് സേ പരീക്ഷാ സെന്ററുകളിൽ നവംബർ 11 മുതൽ 17 വരെ ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾ www.k-er-a-l-ap-ar-e-e-k-sh-a-b-h-av-an.in ൽ ലഭിക്കും.

# പരിസ്ഥിതി സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നിലപാടുകൾ : മുഖ്യമന്ത്രി



പരിസ്ഥിതി സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നിലപാടുകളാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. പി.സി. വിഷ്ണുനാഥിന്റെ അടിയന്തര പ്രമേയത്തിന് മറുപടിയായാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ലോകരാഷ്ട്രങ്ങൾ ചർച്ച ചെയ്യുന്ന അവസരമാണ്. ഇംഗ്ലണ്ടിലെ ഗ്ലാസ്ഗോയിൽ ലോകരാഷ്ട്രങ്ങളുടെ ഉന്നതതല യോഗം നടക്കുകയാണ്. ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചേഞ്ച് ഐക്യരാഷ്ട്രസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വിദഗ്ധ സമിതിയാണ്. ആഗോള താപനില ഉയരുന്നതിനെപ്പറ്റിയും അതിന്റെ പരിണിത ഫലങ്ങളെയും പറ്റി വിശദമായി തന്നെ ഗവേഷകർ നടത്തുന്ന കണ്ടെത്തലുകൾ ക്രോഡീകരിച്ചാണ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്. ആഗോളതാപനില ഉയരുന്നതിന്റെ തോത് വർദ്ധിക്കുന്നതായി ആഗസ്റ്റ് 9, 2021 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പരാമാർശമുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ അടിസ്ഥാനപ്പെടുത്തി യു.എസ്.എ യിലെ നാസ ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില ശാസ്ത്രജ്ഞർ കേരളത്തിലെ തീരദേശ ജില്ലകളുടെ ചില ഭാഗങ്ങൾ 2150 ഓടെ ജലനിരപ്പ് ഉയരുന്നതുവഴി നഷ്ടമാകാൻ സാധ്യതയുണ്ടെന്ന് അഭിപ്രായം പറഞ്ഞിട്ടുള്ളത്. ഇതാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. 2011 2020 കാലഘട്ടത്തിൽ ഇത് 1850 1900 കാലഘട്ടത്തേക്കാൾ ശരാശരി 1.09 ഡിഗ്രി കൂടുതലാണ്. കടലിലെ താപനില 0.88 ഡിഗ്രിയും കരയിലെ താപനില 1.95 ഡിഗ്രിയുമാണ് കൂടിയിട്ടുള്ളത്. ഇതിന്റെ ഗൗരവം എല്ലാ സർക്കാരുകളും ഉൾക്കൊള്ളണം. വളരെ ഗൗരവത്തോടെയാണ് ഇതിനെ കേരള സർക്കാർ സമീപിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും. കേരളത്തിന്റെ വികസനപരിപ്രേഷ്യം എങ്ങനെയായിരിക്കണം എന്ന കാഴ്ചപ്പാടാണ് ഇവിടെ പ്രധാനം. സാമ്പത്തികവളർച്ചയും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാകുന്ന ഒരു വികസന പരിപ്രേഷ്യമാണ് സർക്കാരിനുള്ളത്. വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ പരിസ്ഥിതി സംരക്ഷണത്തെ പ്രധാനമായി കാണുന്നു എന്നതുകൊണ്ടാണ് കേരളത്തിന്റെ പരിസ്ഥിതിയെ സംബന്ധിച്ചുള്ള ഒരു ധവളപത്രം എൽ ഡി എഫ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. നേരത്തെ തന്നെ പാരിസ്ഥിതിക പ്രശ്നത്തെ ഗൗരവമായി കാണുകയും തുടർന്ന് ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന പ്രശ്നത്തെ കണ്ട് പരിഹരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

കേരളം സമയബന്ധിതമായി ഗ്രീൻഹൗസ് ഗ്യാസുകളുടെ ബഹിർഗമനം ഗണ്യമായി കുറച്ചുകൊണ്ടുവരാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

ഓരോ മേഖലയിലും ഉണ്ടാകുന്ന ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗമനത്തിന്റെ കണക്ക് ചർച്ചക്കായുള്ള രേഖയിൽ ഉൾപ്പെടുത്തി ലക്ഷ്യം എങ്ങനെ നിറവേറ്റാമെന്നാണ് സർക്കാർ പരിഗണിക്കുന്നത്. ഇത് നടപ്പിൽ വരുത്താനായി പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ഊർജ്ജ തദ്ദേശസ്വയംഭരണ, വനം ശാസ്ത്രസാങ്കേതിക വകുപ്പ് എന്നിവയുടെ ചുമതലയുള്ള സെക്രട്ടറിമാരും അംഗങ്ങളാണ്. സമയബന്ധിതമായി സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയാണ് സമിതിയുടെ ദൗത്യം. ഇതിന്റെ ആദ്യ യോഗം നവംബർ 19 ന് ചേരും.

ഇതിനു പുറമെ ദുരന്താഘാത പ്രതിരോധ ശേഷിയുള്ള കേരള നിർമ്മിതിക്കുള്ള നടപടികൾ സ്വീകരിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, ജലവിഭവം, തദ്ദേശസ്വയംഭരണം, റവന്യൂ, കൃഷി, ഗതാഗതം, ശാസ്ത്രസാങ്കേതികം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. ദുരന്താഘാതം താങ്ങാൻ ശേഷിയുള്ള നവകേരള നിർമ്മിതിയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി രൂപീകരിക്കപ്പെട്ടതാണ് റിബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ). 12 വകുപ്പുകളിലായി 7791.14 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5,271.88 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുമുണ്ട്. ആർ.കെ.ഐ പദ്ധതികൾ കേവലം നിർമ്മാണ പദ്ധതികളല്ല. ദുരന്തപ്രതിരോധ ശേഷിയുള്ളവയായാണ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് പ്രി ഫാബ് സാങ്കേതികവിദ്യ സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിവിഭവ ചൂഷണം പരമാവധി കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ സാങ്കേതികവിദ്യ. നമ്മുടെ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും പ്രകൃതിദുരന്തങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. ഇക്കാര്യം കണക്കിലെടുത്താണ് 20062011 ലെ സർക്കാർ 2008 ൽ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമ നിർമ്മാണം നടത്തിയതും ഇത് കഴിഞ്ഞ സർക്കാരും ഈ സർക്കാരും ഫലപ്രദമായി നടപ്പിലാക്കി വരുന്നതും. വർഷകാലത്ത് ഒഴുകിയെത്തുന്ന ജലം മണ്ണിലൂർന്ന് ഇറങ്ങാൻ നെൽകൃഷിക്കുള്ള പങ്ക് ചെറുതല്ല. 2016 21 കാലഘട്ടത്തിൽ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃപരമായ പങ്കോടെയാണ് നെൽകൃഷി വ്യാപനം നടന്നുവരുന്നത്.

ഇതിനുപുറമെ നദികളുടെ സ്വാഭാവികമായ ഒഴുക്ക് ഉറപ്പാക്കാൻ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നവകേരളം മിഷന്റെ നേതൃത്വത്തിൽ ഇത്തരം പരിപാടികൾ തുടരും. നദികളിലും ഡാമിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്യാനുള്ള പരിപാടിയും സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഇവയെല്ലാം തന്നെ പ്രളയാഘാതം കുറയ്ക്കാൻ ഗണ്യമായി സഹായിക്കുന്നതാണ്. ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗമനം ഉണ്ടാകുന്ന ഒരു മേഖല പരമ്പരാഗത ഊർജ്ജ ഉത്പാദനത്തിലൂടെയാണ്. പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. സൗരോർജ്ജോത്പാദനത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ട്. കാർബൺ ന്യൂട്രാലിറ്റിക്കായി ഏറ്റവും ഫലപ്രദമായ നടപടി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലാണ്. വനദിനത്തിനു വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനു പുറമെ ഒരു കോടി വൃഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് തുടരും.

വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ പരിശോധിക്കാനും സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻകൈ എടുത്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി നടപടി സ്വീകരിച്ചു വരികയാണ്.

റി ബിൽഡ് കേരളയുടെ ഭാഗമായി അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നത് കാലാവസ്ഥാ വ്യതിയാനം തടയാനും ദുരന്തപ്രതിരോധ ശേഷിയുള്ള കേരള നിർമ്മിതി ലക്ഷ്യമിട്ടുകൂടിയാണ്. കാർബൺ ന്യൂട്രാലിറ്റിക്ക് അനിവാര്യമായ മറ്റൊരു പരിഷ്ക്കരണം ഗതാഗത മേഖലയിലാണ്. പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുവഴി ഉണ്ടാകുന്ന ഗ്രീൻഹൗസ് വാതക ബഹിർഗമനവും അന്തരീക്ഷ മലിനീകരണവും തടയാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഇവെഹിക്കിൾ നയം രൂപീകരിക്കുകയും ആവശ്യമായ നടപടികൾ മുന്നോട്ടുനീക്കാനുള്ള പരിശ്രമം നടത്തിവരികയുമാണ്. പലവിധ തടസ്സങ്ങൾ നേരിട്ടെങ്കിലും ഇത് മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാരിന്റെ തീരുമാനം. ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗമനത്തിനുള്ള മറ്റൊരു കാരണം ഖരമാലിന്യങ്ങളും മെഡിക്കൽ വേസ്റ്റും അടിഞ്ഞുകൂടുന്നതാണ്.

മാലിന്യസംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും സംസ്ഥാന സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നേതൃത്വം വഹിക്കുന്നത്. ഇതിനായി അന്താരാഷ്ട്ര വിദഗ്ധരുടെ സഹായവും സർക്കാർ ലഭ്യമാക്കുന്നുണ്ട്. വേസ്റ്റ് ടു എനർജി പദ്ധതിയും ഇതിന്റെ ഭാഗമായാണ് നടപ്പാക്കുന്നത്. പരിസ്ഥിതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചേഞ്ചിന്റെ പരിഷ്ക്കരണം നടത്തിവരികയാണ്. പ്രതിസന്ധികളുടെ സാധ്യതകളെല്ലാം പരിഗണിച്ചുകൊണ്ടായിരിക്കും പരിഷ്ക്കരിച്ച നയം ആവിഷ്ക്കരിക്കുക. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട് ഐ.പി.സി.സി കണ്ടെത്തലുകൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു വിശദമായ പഠനം നടത്തിവരികയാണ്. ഇത് നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. 2021 ഡിസംബറിൽ ഇത് പൂർത്തിയാകുമെന്നാണ് ശാസ്ത്രസാങ്കേതിക വകുപ്പ. ആഗോളതലത്തിൽ ഉണ്ടാകുന്ന പരിസ്ഥിതിവ്യതിയാനവും അതിന്റെ ഭാഗമായുള്ള ഭാരിച്ച മഴയുമെല്ലാം കേരളത്തിന്റെ പരിസ്ഥിതിയെ ഗൗരവമായി ബാധിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രളയവും അതുപോലുള്ള പ്രകൃതി ദുരന്തങ്ങളും അടിയന്തരമായി പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ അതാതു ഘട്ടത്തിൽ സംസ്ഥാന സർക്കാർ ചെയ്തിട്ടുണ്ട്. പ്രളയദുരന്തത്തെ പരിഹരിക്കുന്നതിന് നാം നടത്തിയ രക്ഷാപ്രവർത്തനവും ജീവനോപാധികൾ തിരിച്ചുനൽകുന്നതിനുവേണ്ടി നടത്തിയ ഇടപെടലുകൾ വലിയ ലോകശ്രദ്ധ നേടുകയും ചെയ്തു. പാരിസ്ഥിതിക വ്യതിയാനവും കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതയും കണക്കിലെടുത്ത് ദുരന്തങ്ങളിൽ നിന്ന് മാറിനിൽക്കാൻ പ്രാപ്തമാകുന്ന ദീർഘകാല പദ്ധതികളും സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ട്. റിബിൽഡ് കേരള ലക്ഷ്യം വെയ്ക്കുന്നത് ഇത്തരത്തിലുള്ള ഇടപെടലാണ്.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ പാരിസ്ഥിതിക സവിശേഷതകളെ മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള സമഗ്രമായ നടപടികളാണ് സംസ്ഥാന സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം നടപ്പിലാക്കിയത് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. ധവളപത്രം പുറത്തിറക്കിയും അതിന്റെ കൂടി അടിസ്ഥാനത്തിൽ വികസന കാഴ്ചപ്പാടുകൾ രൂപീകരിച്ചതും ഇതിന്റെ അടിസ്ഥാനത്തിലാണ്. 2035 ഓടെ കാർബൺ ന്യൂട്രൽ കേരളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കും. പരിസ്ഥിതി, ഗതാഗതം, തദ്ദേശസ്വയംഭരണം, അനെർട്ട്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ പിന്തുണ നൽകുന്നതിനുള്ള സംവിധാനവും ആലോചിക്കും. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഒരു അന്താരാഷ്ട്ര കാലാവസ്ഥാ വ്യതിയാന കോൺക്ലേവ് ഷെഡ്യൂൾ ചെയ്യുന്ന കാര്യവും പരിശോധിക്കും.

യു.കെ യിലെ ഗ്ലാസ്ഗോയിൽ യു എൻ എഫ് സി.സി.സി. യിലേക്കുള്ള 26 ാമത് സെഷനിൽ ഉയർന്നുവന്നിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇത്തരം കാര്യങ്ങളെക്കുറിച്ചു കൂടി 19 ന് ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കും.

പാരിസ്ഥിതിക സംരക്ഷണത്തിന് പ്രധാനമാണ് കാർബൺ ന്യൂട്രാലിറ്റിയിലേക്ക് എത്തിക്കുക എന്നത്. ഇതനുസരിച്ചുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുകയാണ്. ഇത് പരിശോധിച്ചാൽ ഹരിതഗ്രഹ വാതകങ്ങളുടെ ബഹിർഗമനത്തിന്റെ 91 ശതമാനവും സംഭാവന ചെയ്തത് ഊർജ്ജ മേഖലയാണെന്ന് കാണാം. അതുകൊണ്ട് ആ മേഖലയിൽ ഇടപെടുന്നതിനുള്ള സമീപനം സർക്കാർ സ്വീകരിക്കുന്നുണ്ട്. സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്. പരമ്പരാഗതമായ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ച് ചെറുഗ്രാമങ്ങൾക്കും ഊർജ്ജം പ്രദാനം ചെയ്യുന്ന മൈക്രോ പവർ ഗ്രിഡുകൾ സ്ഥാപിക്കുന്ന കാര്യവും സർക്കാർ ആലോചിക്കുന്നുണ്ട്.

വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനുള്ള ഒരു കാരണം ഊർജ്ജകാര്യക്ഷമമായ ഉപകരണങ്ങളുടെ അഭാവമാണ്. ഇത് കണക്കിലെടുത്ത് ചില നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

നിലനിൽക്കുന്ന കെട്ടിടങ്ങളുടെ ഊർജ്ജഓഡിറ്റിംഗ് നിർബന്ധമാക്കുന്നതിനും ഉപഭോഗം കുറയ്ക്കുന്നതിനുമുള്ള നടപടികൾ ഇതിൽ പ്രധാനമാണ്. പുതിയ നിർമ്മാണപ്രവർത്തനങ്ങൾ ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കും. തെരുവുവിളക്കുകൾ എൽ ഇ ഡി യിലാക്കി മാറ്റുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കും. ഇതിന്റെ ഭാഗമായി ഇമൊബിലിറ്റി നയം കൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് രൂപം നൽകും. സി എൻ ജി / ഹൈഡ്രജൻ പവർ / ബയോ ഫ്യൂവൽ എന്നിവയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സൈക്കിളുകളുടെ രൂപത്തിലുള്ള മോട്ടോറൈസ്ഡ് അല്ലാത്ത ഗതാഗത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും.

മണ്ണിനും നിലവിലുള്ള പരിസ്ഥിതിക്കും ദോഷംവരുത്താത്ത കൃഷിരീതികൾ കൊണ്ടുവരും. പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ജൈവമാലിന്യത്തിന്റെ സംസ്കരണത്തിലൂടെ ഹരിതഗ്രഹ വാതകങ്ങളുടെ വർദ്ധനവ് തടയുന്നതിനുള്ള നടപടി സ്വീകരിക്കും. കാർബൺ ന്യൂട്രൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനം കാര്യക്ഷമമാക്കും. നിലനിൽക്കുന്ന പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനത്തിലെ ദൗർബല്യങ്ങൾ പരിഹരിക്കാനും സർക്കാർ ലക്ഷ്യം വെയ്ക്കുന്നു. ഇതിന്റെ ഭാഗമായി സാമൂഹ്യ വനവത്ക്കരണ പദ്ധതിയുടെ ഭാഗമായി നമ്മുടെ പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്ത നിരവധി മരങ്ങൾ പിഴുതുമാറ്റുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. യൂക്കാലിപ്റ്റസ്, അക്വേഷ്യ, വാറ്റൽ, തുടങ്ങിയ മരങ്ങൾ ഇതിന്റെ ഭാഗമായി കടന്നുവന്നവയാണ്. ഇവയെ പിഴുതുമാറ്റി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. വനവത്ക്കരണ നടപടികൾ സ്വീകരിക്കും. റോഡിനു ഇരുവശവും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന്റെ ഭാഗമായി പരിഗണിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഒരു നയം സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നയം രൂപീകരിക്കുന്നതിന് ഒരു കാബിനറ്റ് സബ് കമ്മിറ്റിയെയും രൂപീകരിച്ചിട്ടുണ്ട്.

# നവംബർ 15 ജൻജാതിയ ഗൗരവ് ദിവസ് ആയി പ്രഖ്യാപിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

ധീരരായ ആദിവാസി സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി നവംബർ 15 ജനജാതീയ ഗൗരവ് ദിവസ് ആയി പ്രഖ്യാപിക്കുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. സാന്താൽ, താമർ, കോൾ, ഭിൽ, ഖാസി, മിസോസ് തുടങ്ങിയ ഗോത്ര സമുദായങ്ങളുടെ നിരവധി പ്രസ്ഥാനങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തെ ശക്തിപ്പെടുത്തി.

ആദിവാസി സമൂഹങ്ങൾ സംഘടിപ്പിച്ച വിപ്ലവ പ്രസ്ഥാനങ്ങളും സമരങ്ങളും അവരുടെ അപാരമായ ധീരതയും പരമമായ ത്യാഗവും കൊണ്ട് ശ്രദ്ധേയമായിരുന്നു. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരായ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഗോത്ര പ്രസ്ഥാനങ്ങൾ ദേശീയ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട രാജ്യമെമ്പാടുമുള്ള ഇന്ത്യക്കാരെ പ്രചോദിപ്പിച്ചു. എന്നിരുന്നാലും, പൊതുസമൂഹത്തിന് ഈ ഗോത്രവീരന്മാരെ കുറിച്ച് വലിയ അറിവില്ല. 2016 ലെ സ്വാതന്ത്ര്യ ദിനത്തിലെ പ്രധാനമന്ത്രിയുടെ പ്രഖ്യാപന പ്രകാരം, കേന്ദ്ര ഗവൺമെന്റ് രാജ്യത്തുടനീളം 10 ആദിവാസി സ്വാതന്ത്ര്യ സമര മ്യൂസിയങ്ങൾ അനുവദിച്ചു.

രാജ്യത്തുടനീളമുള്ള ആദിവാസി സമൂഹങ്ങൾ ഭഗവാൻ എന്ന് വിളിക്കുന്ന ശ്രീ ബിർസ മുണ്ടയുടെ ജന്മദിനമാണ് നവംബർ 15. ബിർസ മുണ്ട ബ്രിട്ടീഷ് കൊളോണിയൽ വ്യവസ്ഥയുടെ ചൂഷണ വ്യവസ്ഥയ്ക്കെതിരെ രാജ്യത്തിനെതിരെ ധീരമായി പോരാടുകയും ബ്രിട്ടീഷ് അടിച്ചമർത്തലിനെതിരായ പ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും 'ഉൽഗുലാൻ' (വിപ്ലവം) ആഹ്വാനം ചെയ്യുകയും ചെയ്തു. ആദിവാസി സമൂഹങ്ങളുടെ മഹത്തായ ചരിത്രവും സാംസ്കാരിക പൈതൃകവും അംഗീകരിക്കുന്നതാണ് പ്രഖ്യാപനം. എല്ലാ വർഷവും ഈ ദിനം ആഘോഷിക്കുകയും സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും ധീരത, ആതിഥ്യമര്യാദ, ദേശീയ അഭിമാനം എന്നിവയുടെ ഇന്ത്യൻ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഗോത്രവർഗക്കാരുടെ ശ്രമങ്ങളെ അംഗീകരിക്കുകയും ചെയ്യും.

ബിർസ മുണ്ട അന്തരിച്ച റാഞ്ചിയിലെ ഗിരിവർഗ സ്വാതന്ത്ര്യ സമര സേനാനികളുടെ മ്യൂസിയം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ഗോത്രവർഗക്കാരുടെ 75 വർഷത്തെ മഹത്തായ ചരിത്രവും സംസ്കാരവും നേട്ടങ്ങളും ആഘോഷിക്കുന്നതിനും സ്മരിക്കുന്നതിനുമായി 2021 നവംബർ 15 മുതൽ നവംബർ 22 വരെ ഒരാഴ്ച നീളുന്ന ആഘോഷങ്ങൾ കേന്ദ്ര ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ട്.

ആഘോഷത്തിന്റെ ഭാഗമായി, സംസ്ഥാന ഗവൺമെന്റുകളുമായി ചേർന്ന് നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ആദിവാസികളുടെ നേട്ടങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച വിവിധ ക്ഷേമ നടപടികൾ എടുത്തുകാട്ടുക എന്നതാണ് ഓരോ പ്രവർത്തനത്തിനും പിന്നിലെ പ്രമേയം. നൈപുണ്യ വികസനം . തനതായ ഗോത്രവർഗ സാംസ്കാരിക പൈതൃകം, സ്വാതന്ത്ര്യ സമരത്തിലെ അവരുടെ സംഭാവനകൾ, ആചാരങ്ങൾ, അവകാശങ്ങൾ, പാരമ്പര്യങ്ങൾ, പാചകരീതികൾ, ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം എന്നിവയുമായി ബന്ധപ്പെട്ട പരിപാടികളും അരങ്ങേറും.

# സ്കോൾകേരള; പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

സ്കോൾകേരള മുഖേന, 202123 ബാച്ചിലേക്ക് ഹയർ സെക്കണ്ടറി ഓപ്പൺ റെഗുലർ, പ്രൈവറ്റ്, സ്പെഷ്യൽ കാറ്റഗറി (പാർട്ട് കകക) എന്നീ വിഭാഗങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല.

ഓപ്പൺ റെഗുലർ വിഭാഗത്തിൽ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ പ്രാക്ടിക്കൽ, പ്രാക്ടിക്കൽ ഇതര സബ്ജക്ട് കോമ്പിനേഷനുകളിൽ അപേക്ഷിക്കാം. ഈ വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾക്ക് സ്വയം പഠനസഹായികളും, ലാബ് സൗകര്യവും, പൊതു അവധി ദിവസങ്ങളിൽ കോൺടാക്ട് ക്ലാസ്സുകളും ലഭിക്കും. തെരഞ്ഞെടുത്ത സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളായിരിക്കും പഠനകേന്ദ്രങ്ങളായി അനുവദിക്കുന്നത്. പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗത്തിൽ കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ പ്രാക്ടിക്കൽ ഇല്ലാത്ത തെരഞ്ഞെടുത്ത വിഷയ കോമ്പിനേഷനുകളിൽ അപേക്ഷിക്കാവുന്നതാണ്.

സ്പെഷ്യൽ കാറ്റഗറി വിഭാഗത്തിൽ, ഹയർ സെക്കൻഡറി കോഴ്സ് ഒരിക്കൽ വിജയിച്ച വിദ്യാർഥിക്ക് മുൻ രജിസ്ട്രേഷൻ റദ്ദ് ചെയ്യാതെ പുതിയൊരു സബ്ജക്ട് കോമ്പിനേഷൻ (പാർട്ട് കകക) തെരഞ്ഞെടുത്ത് നിബന്ധനകൾക്ക് വിധേയമായി അപേക്ഷ സമർപ്പിക്കാം. www.sco-l-e-k-er-a-l-a.or-g എന്ന വെബ്സൈറ്റ് മുഖേനെ നവംബർ 11 മുതൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴ കൂടാതെ ഡിസംബർ 15 വരെയും, 60 രൂപ പിഴയോടെ ഡിസംബർ 22 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഫീസ് അടയ്ക്കാൻ ഓൺലൈൻ പേയ്മെന്റ് മോഡ് തെരഞ്ഞെടുത്ത് ഇന്റർനെറ്റ് ബാങ്കിംഗ്/ ഡെബിറ്റ്/ ക്രഡിറ്റ് കാർഡ് മുഖേന ഫീസടക്കാം. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് ഒറ്റ ഘട്ടമായി ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കാം.

ഓഫ് ലൈൻ പേയ്മെന്റ് മോഡ് (പോസ്റ്റ് ഓഫീസ് വഴിയുള്ള പേയ്മെന്റ്) തെരഞ്ഞെടുക്കുന്നവർ രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായാണ് പൂർത്തീകരിക്കേണ്ടത്. ഓൺലൈൻ പേയ്മെന്റ് മോഡ് തെരഞ്ഞെടുക്കുന്നവർക്ക് സംസ്ഥാനത്തെ ഏത് പോസ്റ്റ് ഓഫീസിലും ഫീസ് അടയ്ക്കാനുള്ള സൗകര്യമുണ്ട്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും പ്രോസ്പെക്ടസിനും സ്കോൾകേരളയുടെ വെബ്സൈറ്റ് സന്ദർശിക്കണം.

ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ ജില്ലാ ഓഫീസുകളിൽ നേരിട്ടോ സംസ്ഥാന ഓഫീസിൽ നേരിട്ടോ തപാൽമാർഗ്ഗമോ എത്തിക്കാവുന്നതാണ്. സംസ്ഥാന ഓഫീസിലേക്ക് സ്പീഡ്/ രജിസ്റ്റേർഡ് തപാൽ മാർഗ്ഗം അപേക്ഷ അയക്കേണ്ട വിലാസം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾകേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം12.

# മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾക്ക് പുരസ്കാരം

തിരുവനന്തപുരം ജില്ലയിൽ ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ മൃഗസംരക്ഷണ വകുപ്പ് ജില്ലാ തലത്തിൽ പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരം സഹിതം ഡിസംബർ 10 നകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം പരിഗണിക്കില്ല. തെരഞ്ഞെടുക്കുന്നവർക്ക് 10,000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശിപാർശ സഹിതം സമർപ്പിക്കണം. അപേക്ഷ ഫോം സമീപത്തെ മൃഗാശുപത്രിയിൽ ലഭിക്കുമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

# 'കേരള സമ്പദ്വ്യവസ്ഥയും സഹകരണ മേഖലയും' പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്തു

കഴിഞ്ഞ സംസ്ഥാന മന്ത്രിസഭയിൽ സഹകരണ മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. എഴുതിയ 'കേരള സമ്പദ്വ്യവസ്ഥയും സഹകരണ മേഖലയും സാർത്ഥകമായ അഞ്ചു സഹകരണ വർഷങ്ങൾ 20162021' എന്ന പുസ്തകം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. നിയമസഭാ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സഹകരണ മന്ത്രി വി.എൻ. വാസവൻ മുഖ്യമന്ത്രിയിൽനിന്നു പുസ്തകത്തിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി.

രാജ്യത്തു വളർന്നുവരുന്ന സാമ്പത്തിക അസമത്വങ്ങളുടേയും ചൂഷണാധിഷ്ഠിത സാമ്പത്തിക സാമൂഹിക നിയമങ്ങളുടേയും നടുവിൽ കേരളത്തിലെ സഹകരണ മേഖല നടത്തുന്ന വിജയകരമായ ജൈത്രയാത്ര പുസ്തകം വ്യക്തമായി വിശദീകരിക്കുന്നുണ്ടെന്ന് അധ്യക്ഷ പ്രസംഗത്തിൽ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കേരള സമൂഹത്തിന്റെ വളർച്ചയിൽ സഹകരണ മേഖലയുടെ പ്രാധാന്യം എന്താണെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്.

സംസ്ഥാനം ഇന്ന് ഒന്നാം സ്ഥാനത്ത് എത്തി നിൽക്കുന്ന പല രംഗങ്ങളിലും സഹകരണ പ്രസ്ഥാനങ്ങൾ വലിയ പിന്തുണയാണു നൽകുന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

വി. ജോയ് എം.എൽ.എ, ആനത്തലവട്ടം ആനന്ദൻ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സഹകരണ രജിസ്ട്രാർ പി.ബി. നൂഹ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം സെക്രട്ടറി അജിത് കെ. ശ്രീധർ തുടങ്ങിയവർ പ്രസംഗിച്ചു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. കൃതജ്ഞതയർപ്പിച്ചു.

സഹകരണ മന്ത്രിയെന്ന നിലയിൽ അദ്ദേഹം ആർജ്ജിച്ച അനുഭവങ്ങളുടേയും വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണു പുസ്തകം. സാഹിത്യ പ്രവർത്തക സഹകരണ സംഘമാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

# സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കരിനിയമങ്ങളെ എതിർക്കും: കേരള ഫിഷറീസ് ഫെഡറേഷൻ

കേരളത്തിന്റെ സ്വന്തം സൈന്യം എന്ന് ബഹു. മുഖ്യമന്ത്രി വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളികളെ ക്രിമിനൽ കുറ്റവാളികളായി ചിത്രീകരിച്ച് ശിക്ഷണ നടപടികൾക്ക് വിധേയരാക്കുന്ന 2020ലെ കേരള മത്സ്യ ലേലവും വിപണനവും ഗുണ പരിപാലന നിയമവും 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അകാ ക്കൾച്ചറും നിയമ ഭേദഗതിയും 2020ലെ ഗങഎഞ ആക്ട് ഭേദഗതി നിയമവും നടപ്പിലാക്കുന്നതിനെ ശക്തമായി എതിർക്കുമെന്ന് കേരള ഫിഷറീസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് Ex. M L A വി ദിനകരനും, വൈസ് പ്രസിഡന്റ് പി സെറ്റല്ലസും സംയുക്ത പ്രസതാവനയിൽ പറഞ്ഞു.

കഴിഞ്ഞ **LDF** സർക്കാർ കൊണ്ടു വന്ന ഈ കരിനിയമ ഓർഡിനൻസുകൾ മത്സ്യത്തൊഴിലാളി സംഘടനകളുമായി വിശദമായി ചർച്ച ചെയ്തതിനു ശേഷം മാത്രമേ നിയമമാക്കാവൂ എന്ന് 22.05.2021 ൽ കേരളഫിഷറീസ് ഫെഡറേഷൻ മന്ത്രിയ്ക്ക് നേരിട്ടു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. 26.10.2021 ൽ ഫിഷറീസ് മന്ത്രി നിയമസഭാ മന്ദിരത്തിൽ വെച്ച് വിളിച്ചു ചേർത്ത മത്സ്യത്തൊഴിലാളി സംഘടനകളുടെ യോഗം ഒരു പ്രഹസനം മാത്രമായിരുന്നു. ഈ നിയമങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ രണ്ട് ദിവസത്തിനകം നൽകണമെന്ന് ഫിഷറീസ് മന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് മത്സ്യ ലേലവും വിപണനവും ഗുണനിലവാര പരിപാലന നിയമവും സംബന്ധിച്ച് 12 നിർദ്ദേശങ്ങളും ഉൾനാടൻ ഫിഷറീസും അക്വാക്കൾച്ചറും നിയമം സംബന്ധിച്ച് 9 നിർദ്ദേശങ്ങളും 26.10. 2021 ൽ തന്നെ ഫിഷറീസ് മന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി .എന്നാൽ കഴിഞ്ഞ സർക്കാർ പുറപ്പെടുവിച്ച ഈ മൂന്ന് ഓർഡിനൻസുകളും അതേ രൂപത്തിൽ തന്നെ നിയമസഭയിൽ അവതരിപ്പിക്കുകയും നിയമസഭ ഇത് സംബന്ധിച്ച സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് നിയമങ്ങൾ വിടുകയും ചെയ്തു. ഗവർണർ പുറപ്പെടുവിച്ച ഓർഡിനൻസുകളിൽ സബ്ജക്ട് കമ്മറ്റി ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്നാണ് ഫിഷറീസ് മന്ത്രിയുടെ ഓഫീസ് വ്യക്തമാക്കിയത്. എന്നാൽ നിയമസഭയിലും സബ്ജക്ട് കമ്മറ്റിയിലും കേരള ഫിഷറീസ് ഫെഡറേഷന്റെ നിർദ്ദേശങ്ങൾ അതേ രൂപത്തിൽ സബ്ജക്ട് അംഗങ്ങൾ കൂടിയായ ങഘഅ മാർ സമർപ്പിച്ചെങ്കിലും ങഘഅ മാരുടേയും കേരള ഫിഷറീസ് ഫെഡറേഷൻ അടക്കമുള്ള സംഘടനകളുടേയും നിർദ്ദേശങ്ങൾ പരിഗണിക്കാതെ നിയമങ്ങൾ അതേ രൂപത്തിൽ തന്നെ നവംബർ 3ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയാണ് ചെയ്തത്. സർക്കാർ നിർദ്ദേശിക്കുന്ന ഫിഷിംഗ് ഹാർബറു ളിൽ നിന്ന് മാത്രമേ മത്സ്യബന്ധനത്തിനു പോകാവൂ എന്നും മത്സ്യ വിപണനം നടത്താവൂ എന്നും ഉള്ളത് അപ്രായോഗികമായതിനാൽ നിയമത്തിൽ മാറ്റം വരുത്തണമെന്നും മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം മുൻപെന്ന പോലെ മത്സ്യഫെഡിന്റെ കീഴിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ലേലം ചെയ്യണമെന്നും ലേലക്കമ്മീഷൻ വിഹിതം ഹാർബർ മാനേജ്മെന്റ് കമ്മറ്റിയ്ക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകരുതെന്നും യൂസേഴ്സ് ഫീസ് ഹാർബറിന്റെ വികസനത്തിന് ഉപയോഗിക്കണമെന്നും സംഘം നിർദ്ദേശിക്കുന്ന ലേലക്കാരന് എവിടെ വെച്ചും ലേലം ചെയ്യാനുള്ള അവകാശം നൽകണമെന്നും മത്സ്യവും മത്സ്യബന്ധനവും സംബന്ധിച്ച സാക്ഷ്യപത്രം ഒഴിവാക്കണമെന്നും നിയമത്തിലെ 30ാം വകുപ്പ് അനുസരിച്ച് ജുഡീഷ്യറി വഴിഅടക്കം ഉള്ള ശിക്ഷാ നടപടികൾ ഒഴിവാക്കണമെന്നും ശിക്ഷ വിധിക്കുന്ന ഉദ്യോഗസ്ഥനെതിരായി യാതൊരു വ്യവഹാരമോ നിയമ നടപടികളോ നിലനിൽക്കുന്നതല്ലായെന്നുള്ളത് ഒഴിവാക്കണം എന്നടക്കമുള്ള 12 നിർദ്ദേശങ്ങളാണ് മത്സ്യ ലേലവും വിപണനവും ഗുണനിലവാര പരിപാലന നിയമവും സംബന്ധിച്ച് കേരള ഫിഷറീസ് ഫെഡറേഷൻ നൽകിയ ത് .ഉൾനാടൻ നിയമവും അക്വാക്കൾച്ചറും നിയമം സംബന്ധിച്ച് ഏതെങ്കിലും പൊതു ജലാശയത്തിൽ നിന്നുള്ള മത്സ്യബന്ധനം നിരോധിക്കാവുന്നതാണ് എന്നുള്ളതും 24 ാ‍ാ കണ്ണിവലിപ്പത്തിൽ കുറവുള്ളതും ആയ വല നിരോധിക്കണമെന്നുള്ളതും സ്വതന്ത്ര വലയോ ഉറപ്പിച്ച യന്ത്രമോ മറ്റു ഉപകരണങ്ങളോ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കാവുന്നതാണ് എന്നുള്ളതും 4 മീറ്ററിൽ കൂടുതൽ വായ് വട്ടമുള്ള ഊന്നിവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം പാടില്ല എന്നുള്ളതും ഒരു പാലത്തിന്റെ ഇരുവശങ്ങളിലുമായി 50 മീറ്റർ വരെയുള്ള ദൂരപരിധിയിൽ മത്സ്യബന്ധനം പാടില്ല എന്നുള്ളതും ഊന്നിവലകൾക്കും ചീനവലകൾക്കും പട്ടയത്തിന് പകരം ലൈസൻസ് ഏർപ്പെടുത്തുന്നത് ഒഴിവാക്കണമെന്നുള്ളതും പൊതു ജലാശയങ്ങളിൽ മത്സ്യ കൃഷി നടത്തുന്നതിന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കും മത്സ്യമേഖലയിലെ സാമൂഹ്യ സംഘടനകൾക്കും മുൻഗണന നൽകണമെന്നും മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരമായിട്ടുള്ള ശിക്ഷാ നടപടികൾ ഒഴിവാക്കണം എന്ന തടക്കം 9 നിർദ്ദേശങ്ങൾ കേരള ഫിഷറീസ് ഫെഡറേഷൻ. സമർപ്പിക്കുകയുണ്ടായി. ഗങഎഞ ആക്ട് ഭേദഗതിയിൽ നിയമം ലംഘിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് 250000 രൂപ വരെ

പിഴ ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണെന്നും മത്സ്യ ബന്ധന ഉപകരണത്തിന്റെ രജിസ്ട്രേഷനും ലൈസൻസും റദ്ദാക്കണമെന്നുള്ളത് ഒഴിവാക്കണമെന്നും കേരള ഫിഷറീസ് ഫെഡറേഷൻ ആവശ്യപ്പെടുകയുണ്ടായി .അതുപോലെ തന്നെ 2018 ലെ ഗങഎഞ ആക്ടിൽ പറഞ്ഞിട്ടുള്ള ഇൻബോർഡ് വള്ളങ്ങളുടെ മത്സ്യബന്ധനം നിരോധിക്കുക 10 ഒജയ്ക്ക് മുകളിലുള്ള എഞ്ചിന് ലൈസൻസ് പുതുക്കി നൽകാതിരിക്കുക ട്രോളിംഗ് നിരോധന സമയത്ത് ഉപരിതല മത്സ്യ ബന്ധനം നിരോധിക്കുക എന്നിവ അടക്കമുള്ള മത്സ്യത്തൊഴിലാളി ദ്രോഹനടപടികൾ നിയമത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ മൂന്ന് നിയമങ്ങളിലും കേരള ഫിഷറീസ് ഫെഡറേഷൻ അടക്കമുള്ള സംഘടനകൾ നിർദ്ദേശിച്ച ഭേദഗതികൾ ഒന്നും തന്നെ അംഗീകരിക്കാൻ സർക്കാർ തയ്യാറായില്ല. കടലോര മേഖലയിൽ യന്ത്രവൽകൃത മത്സ്യ ബന്ധനത്തെ നിരുത്സാഹപ്പെടുത്തുകയും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളി ദ്രോഹ നടപടികളാണ് ഈ കരിനിയമങ്ങളിലൂടെ നടപ്പിലാക്കാൻ പോകുന്നത്. ഈ നീക്കത്തെ കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം ഒറ്റക്കെട്ടായി എതിർത്ത് പരാജയപ്പെടുത്തുമെന്ന് കേരള ഫിഷറീസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് EX M L A വി ദിനകരനും, സംസ്ഥാന വൈസ് പ്രസിഡന്റ് പി സ്റ്റെല്ലസും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു

# പൊതുമരാമത്ത് വകുപ്പിലെ പദ്ധതി പുരോഗതി അറിയാൻ പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം വരുന്നു

തിരുവനന്തപുരം: പൊതുമരാമത്ത് വകുപ്പിൽ ഒരു പദ്ധതി ആരംഭിച്ചാൽ അത് പൂർത്തിയാക്കുന്നതു വരെ പദ്ധതിയുടെ ഓരോ ഘട്ടത്തിലും ഉള്ള പുരോഗതി അറിയാനാകുന്ന പ്രൊജക്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ്. പ്രവൃത്തികളിൽ സുതാര്യത, വേഗത എന്നിവ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 2022 ൽ ഈ പദ്ധതി ആരംഭിക്കുമെന്നു മന്ത്രി പറഞ്ഞു.

ഒരു പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഇതുവഴി ലഭ്യമാകും. എപ്പോൾ പ്രവൃത്തി തുടങ്ങും, എപ്പോൾ അവസാനിക്കണം, എത്ര ശതമാനം പ്രവൃത്തി പുരോഗമിച്ചു എന്നതെല്ലാം ഈ ഡാഷ് ബോർഡിൽ ലഭ്യമാക്കും. ഓരോ ഘട്ടത്തിനും കൃത്യമായ ടൈം ലൈൻ ഉണ്ടാകും. കരാറുകാർക്ക് അവരുടേതായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനും അവസരം നൽകുന്നുണ്ട്. വകുപ്പു മേധാവി, ജില്ലാ കളക്ടർ, സ്റ്റേറ്റ് നോഡൽ ഓഫീസർ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ബന്ധപ്പെട്ട വിവരങ്ങൾ ഇതിൽ അപ്ഡേറ്റ് ചെയ്യാനാകും. സമഗ്രമായ ഒരു സംവിധാനമാണ് ഉദ്ദേശിക്കുന്നത്. എംഎൽഎമാർക്കും ജനങ്ങൾക്കും ഇത് പരിശോധിക്കാൻ സംവിധാനം ഒരുക്കും. ജനങ്ങൾക്ക് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അത് രേഖപ്പെടുത്താനും സാധിക്കും.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഓരോ ഘട്ടത്തിനും ആവശ്യമായ കാലയളവ് നിശ്ചയിച്ചു കൊണ്ട് വർക്കിങ് കലണ്ടർ തയാറാക്കുന്നുണ്ട്. അതിൽ ഡിസൈൻ തയാറാക്കാൻ ഇത്ര സമയം, ഇൻവെസ്റ്റിഗേഷൻ തയാറാക്കാൻ ഇത്ര സമയം, സാങ്കേതിക അനുമതിയുടെ സമയക്രമം, ടെണ്ടർ എപ്പോൾ എന്നിങ്ങനെ കൃത്യമായി നിശ്ചയിച്ചു നൽകും. ആ സമയക്രമത്തിനുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കണം എന്ന നിബന്ധന കൊണ്ടു വരും. അത് കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തും. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

കുടിവെള്ള പൈപ്പ് ഇടുന്നതിനും മറ്റുമായി റോഡ് കുത്തിപ്പൊളിക്കുന്നവർ തന്നെ പുനർനിർമ്മിക്കണമെന്ന് സർക്കാർ ഉത്തരവ് നേരത്തെയുണ്ട്. എന്നിരുന്നാലും റോഡ് പണി കഴിഞ്ഞ ഉടൻ കുത്തിപ്പൊളിക്കുന്ന സംഭവങ്ങൾ ഇപ്പോഴും പതിവാണ്. വിവിധ വകുപ്പുകൾ തമ്മിൽ പദ്ധതി സമയക്രമം സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനായി ഓൺലൈൻ പോർട്ടൽ സംവിധാനം ഒരുക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതുവഴി വിവിധ വകുപ്പുകളുടെ പദ്ധതി നടത്തിപ്പ് സുഗമമാക്കാനാകും. പ്രവൃത്തി യഥാസമയം രജിസ്റ്റർ ചെയ്യുന്നതിലൂടെ എല്ലാ വകുപ്പുകൾക്കും ഇക്കാര്യം പരസ്പരം അറിയാനുമാകും. എന്നിട്ടും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുന്നവരിൽ നിന്നും സൂപ്പർ ഫൈൻ ഈടാക്കാമെന്നും അദ്ദേഹം പറഞ്ഞു.

# ചോദ്യം ചോദിക്കാൻ എല്ലാവർക്കും അവസരം നൽകുന്നുണ്ടെന്ന് സ്പീക്കർ

തിരുവനന്തപുരം: ചോദ്യോത്തരവേളയിൽ ഉപചോദ്യങ്ങൾക്കുള്ള അവസരം പരമാവധി പേർക്കും നൽകുന്നുണ്ടെന്നും സമ്മർദ്ദത്തിന്റെ രീതി ശരിയല്ലെന്നും പ്രതിപക്ഷ അംഗങ്ങളോട് സ്പീക്കർ എം ബി രാജേഷ് വ്യക്തമാക്കി. ഇന്നലെ മന്ത്രി വി ശിവൻകുട്ടി ഉത്തരം പറയുന്നതിനിടെ ചോദ്യോത്തരവേള കഴിഞ്ഞതായി സ്പീക്കർ അറിയിച്ചു. തുടർന്ന്, ഉപചോദ്യം ചോദിക്കാൻ സ്പീക്കർ അനുവദിക്കില്ലെന്ന തരത്തിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അഭിപ്രായപ്രകടനം നടത്തി.

ഉപചോദ്യങ്ങൾക്ക് അവസരം എല്ലാവർക്കും നൽകുന്നുണ്ടെന്ന് സ്പീക്കർ പറഞ്ഞു. ചില ചോദ്യങ്ങൾക്ക് ധാരാളം പേർ ഉപചോദ്യത്തിന് അവസരം ചോദിക്കാറുണ്ട്. ആ ഘട്ടത്തിൽ മാനദണ്ഡം അനുസരിച്ചാണ് അവസരം നൽകിവരുന്നത്. ആരെയും മനപൂർവം ഒഴിവാക്കാറില്ല.

ഈ സമയം പ്രതിപക്ഷത്തെ റോജി എം ജോൺ എഴുന്നേറ്റ് നിന്ന് ക്ഷുഭിതനായി സംസാരിച്ചതോടെ, വേറൊരു തരത്തിലുള്ള ഭാഷ ഉപയോഗിക്കരുതെന്നും സമ്മർദ്ദത്തിന്റെ രീതി ശരിയല്ലെന്നും റോജിയ്ക്ക് സ്പീക്കർ മുന്നറിയിപ്പ് നൽകി. റോജി സ്ഥിരമായി ഇത്തരം ഭാഷയാണ് ഉപയോഗിക്കുന്നതെന്നും സ്പീക്കർ ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച് സ്പീക്കർ പിന്നീട് റൂളിങ് നൽകി. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് സുവ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണെന്നും അതിൽ മറ്റ് പരിഗണനകൾ പ്രതിഫലിക്കാറില്ലെന്നും സ്പീക്കർ വ്യക്തമാക്കി. കക്ഷി നേതാക്കൾ, മുതിർന്ന അംഗങ്ങൾ, മുൻ മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, വനിതകൾ, പുതിയ അംഗങ്ങൾ, ഇതുവരെ അവസരം ലഭിക്കാത്തവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകും. കൂടാതെ, ചോദ്യവുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകാറുണ്ട്. നടപ്പു സമ്മേളനത്തിൽ ഇന്നലെ വരെ ഭരണപക്ഷത്തുനിന്നുള്ള അംഗങ്ങൾക്ക് 189 ഉപചോദ്യങ്ങളും പ്രതിപക്ഷത്തുനിന്നുള്ള അംഗങ്ങൾക്ക് 155 ഉപചോദ്യങ്ങളും അനുവദിച്ചിട്ടുണ്ട്. ഭരണപ്രതിപക്ഷ പാർട്ടികളുടെ അംഗബലത്തിന് ആനുപാതികമായിട്ടല്ല ഉപചോദ്യങ്ങൾ അനുവദിച്ചിരിക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണെന്നും സ്പീക്കർ പറഞ്ഞു.

## സോഷ്യൽ ഓഡിറ്റിങ് ജനകീയവൽക്കരിക്കുന്നതിന് നടപടി

തിരുവനന്തപുരം: പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിങിനെ ജനകീയവൽക്കരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. റോഡ് പ്രവൃത്തികളുടെയും കരാറുകാരന്റെയും മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ, ന്യൂനത പരിഹാര ബാധ്യത കാലയളവ് തുടങ്ങിയ വിവരങ്ങൾ, ടോൾ ഫ്രീ നമ്പർ എന്നിവ പൊതുമരാമത്ത് വെബ്സൈറ്റിൽ നൽകും.

# പാരിസ്ഥിതിക പ്രതിരോധ ആവശ്യങ്ങളെ സന്തുലിതമായി വിലയിരുത്തണം: സുപ്രീകോടതി

ഡെറാഡൂൺ: പാരിസ്ഥിതിക പ്രതിരോധ ആവശ്യങ്ങളെ സന്തുലിതവും സുക്ഷമതയോടെയും വിലയിരുത്തിവേണം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനെന്ന് സുപ്രീകോടതി. ഉത്തരാഖണ്ഡിലെ ചാർ ദാം റോഡ് പ്രോജക്ട് നടപ്പാക്കുമ്പോൾ വളരെ കരുതൽ വേണമെന്ന് സുപ്രീകോടതിയുടെ മൂന്നംഗ ബെഞ്ച് ആവശ്യപ്പെട്ടു. പരിസ്ഥിതി പ്രശ്നം രൂക്ഷമായി നേരിട്ടുന്ന പ്രദേശമാണ് ഹിമാലയം. മണ്ണിടിച്ചിലും പ്രളയവും ഇവിടെ നിത്യമായിട്ടുണ്ട്. വന്യജീവി സങ്കേതങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ് എന്നീ കാര്യങ്ങൾ ചൂണ്ടിക്കാട്ടി പരിസ്ഥിതി പ്രവർത്തകർ നൽകിയ അപേക്ഷയിലാണ് സുപ്രീകോടതിയുടെ നിരീക്ഷണം .ഗ്രീൻ ഡോൺ എന്ന പരിസ്ഥിതി സംഘടനയാണ് സുപ്രീകോടതിയെ സമീപിച്ചത്.

ഗംഗോത്രി, ജമുനോത്രി,കേദാർനാഥ്, ബദരിനാഥ് എന്നീ നാലു പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് പദ്ധതിയുമായി ബന്ധപ്പെട്ടാണ് കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. റോഡ് 10 മീറ്റർ വീതികൂട്ടുന്നത് പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ നാശത്തിനും മണ്ണിടിച്ചിലിനും ഇടയാക്കുമെന്നുമാണ് വാദം. എന്നാൽ, 899 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് പദ്ധതി ഇന്ത്യയുടെ പ്രതിരോധ രംഗത്തെ തന്ത്ര പ്രധാനമായ നീക്കമാണെന്നു അറ്റോണി ജനറൽ കെ കെ വേണുഗോപാൽ സുപ്രീകോടതിയെ അറിയിച്ചു. ചൈന അതിർത്തിയിൽ ഹെലിപാഡുകളും കെട്ടിടങ്ങളും നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. റോഡ് വലിയതോതിൽ വികസിപ്പിച്ചുകഴിഞ്ഞു. ഈ സാഹചര്യത്തിൽ നമുക്ക് റോഡ് വീതി കൂട്ടി സൈനിക നീക്കത്തിന് ഉതകുന്നവിധമാക്കണം അറ്റോണി ജനറൽ പറഞ്ഞു.

രാജ്യത്തിന്റെ പ്രതിരോധ രംഗത്ത് തന്ത്രപ്രധാനമാണെന്നിരിക്കെ വികസനത്തെ എതിർക്കാനാവില്ല എന്ന് കോടതി നിരീക്ഷിച്ചു. എന്നാൽ സൈന്യം ഇത്തരമൊരു ആവശ്യം ഇതുവരെ ഉന്നയിച്ചിട്ടില്ലെന്നു മേഘവിസ്ഫോടനങ്ങൾ അടക്കമുണ്ടാകുന്ന പ്രദേശത്ത് പരിസ്ഥിതിയെ പരിക്കേൽപ്പിക്കുന്നത് പ്രതിസന്ധിയാകുമെന്നും ഹർജിക്കാർ വാദിച്ചു.

# പട്ടികജാതി വർഗ വിദ്യാർത്ഥികൾക്കുള്ള ഡിജിറ്റൽ പഠനോപകരണ വിതരണം മികച്ച രീതിയിലാണെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്കുള്ള ഡിജിറ്റൽ പഠനോപകരണ വിതരണം മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. അതിൽ പട്ടികജാതിവർഗ വകുപ്പും ഫലപ്രദമായ പങ്കുവഹിച്ചിട്ടുണ്ട്. വകുപ്പിന്റെ സഹകരണത്തോടെയാണ് കാര്യങ്ങൾ കണ്ടെത്താനും ഇടപെടാനും കഴിഞ്ഞത്. എന്നാലും ഒറ്റപ്പെട്ട പ്രശ്നങ്ങൾ അവശേഷിക്കുന്നു.

അംഗങ്ങൾക്ക് മാർക്കറ്റിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി നൽകാൻ കഴിയും. പക്ഷേ സർക്കാരിന് അങ്ങനെ കഴിയില്ല. സർക്കാരിന് നിയതമായ മാനദണ്ഡങ്ങൾ പാലിച്ച് നടപടിക്രമങ്ങളിലൂടെയേ സാധിക്കൂ. അതിനാലാണ് സർക്കാർ ആഗ്രഹിച്ച വേഗതയിൽ ഉപകരണങ്ങൾ കുട്ടികളുടെ കയ്യിൽ എത്താത്തത്. നടപടിക്രമങ്ങൾ പൂർത്തിയായാൽ ഇനി ഏതു നിമിഷവും എല്ലാ കുട്ടികളുടെയും കയ്യിലേക്ക് ഉപകരണങ്ങൾ എത്തുമെന്നും ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

## വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിലുള്ള ഒരു എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവ്വീസിൽ സമാന തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിരാക്ഷേപ പത്രം സഹിതം മേലധികാരി മുഖേന സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, ലൂർദ്ദ് പള്ളിക്കു സമീപം, പി.എം.ജി, പട്ടം.പി.ഒ, തിരുവനന്തപുരം695004 എന്ന വിലാസത്തിൽ നവംബർ 24 നകം ലഭിക്കണം.

## തൊഴിലുറപ്പു പദ്ധതി: പരാതിപരിഹാരത്തിനു ജില്ലകളിൽ ഓംബുഡ്സ്മാൻ

തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓംബുസ്ഡ്മാൻമാരെ നിയമിച്ചു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പരാതികളും ഓംബുഡ്സ്മാൻമാർക്കു നേരിട്ടു നൽകാം.

ഓരോ ജില്ലകളിലും നിയമിച്ച ഓംബുഡ്സ്മാൻമാർ: സാം ഫ്രാങ്ക്ളിൻ എൽ.(തിരുവനന്തപുരം), സയീദ് എ.(കൊല്ലം), സി. രാധാകൃഷ്ണക്കുറുപ്പ് (പത്തനംതിട്ട), സജി മാത്യു(ആലപ്പുഴ), ബഷീർ കെ.(കോട്ടയം), പി.ജി. രാജൻ ബാബു(ഇടുക്കി), എം.ഡി. വർഗീസ്(എറണാകുളം, കാസർകോഡ് ജില്ലയുടെ പൂർണ അധിക ചുമതല), അബ്ദുൾ അസീസ് കെ.വി.(തൃശൂർ, പാലക്കാട് ജില്ലയുടെ പൂർണ അധിക ചുമതല), അബ്ദുൾ റഷീദ് സി.(മലപ്പുറം, വയനാട് ജില്ലയുടെ പൂർണ അധിക ചുമതല), വി.പി. സുകുമാരൻ(കോഴിക്കോട്, കണ്ണൂർ ജില്ലയുടെ പൂർണ അധിക ചുമതല).

# പ്ലേസ്മെന്റ് ഡ്രൈവ്

കേരള യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും. തിരുവനന്തപുരം പി.എം.ജിയിലുള്ള സ്റ്റുഡന്റ്സ് സെന്ററിലെ യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ 19ന് രാവിലെ 10.30ന് നടക്കുന്ന പ്ലേസ്മെന്റ് ഡ്രൈവിൽ Cr-ay-so-l T-e-c-hno-lo-g-i-e-s, L-i-scom So-lu-tion-s, H-ay-d-an Tr-a-d-in-g E-st. എന്നീ കമ്പനികൾ പങ്കെടുക്കും. ബി.സി.എ/ബി.ടെക്/ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ഡിപ്ലോമ/ഡിഗ്രി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലെ 111 ഓളം ഒഴിവുകളിലാണ് പ്ലേസ്മെന്റ് ഡ്രൈവ് നടത്തുന്നത്. ഉദ്യോഗാർത്ഥികൾ 15ന് രാത്രി 12 മണിക്ക് മുൻപ് h-ttp://b-i-t.ly/3w-i-Gp-Q-h എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്: www.f-a-c-e-boo-k.com/M-C-CT-V-M.



പുനലൂർ താലൂക്കിൽ ഉരുൾപൊട്ടലുണ്ടായ ഇടപ്പാളയം, ആശ്രയ കോളനി എന്നിവിടങ്ങൾ സന്ദർശിക്കുന്ന മന്ത്രി കെ. രാജൻ

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.